VOL NO: 08 I ISSUE 44
2024 NOVEMBER 02 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

ഒരു വർഷം പിന്നിട്ട ഇസ്രായേൽ നരനായാട്ടിൽ ഊരും ഉയിരും നഷ്ടപ്പെട്ടവരുടെ കദനകഥകൾ ഉള്ളലിയിക്കുന്നതാണ്. കണ്ണും കാതും മരവിക്കുന്ന ക്രൂരതയുടെ വാർത്തകളാണ് ദിനംപ്രതി ഫലസ്തീനിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. പീഡിതർക്ക് ശാന്തിയും പീഡകർക്ക് ശിക്ഷയും പുലരുന്ന ഭാവിയിലാണ് വിശ്വാസിയുടെ പ്രതീക്ഷ.

## അവസാനമില്ലാത്ത ഇസ്രായേൽ നരനായാട്ട്!

### സ്നേഹത്തിന്റെ തണലൊരുക്കുക

|| നല്ല മനസ്സുണ്ടാകാൻ നാലു കാര്യങ്ങൾ

|| തൂലിക പടവാളാക്കിയ പരിഷ്കർത്താവ്

|| ആദർശം; പുതിയ വ്യാഖ്യാനവും പഴയ നിലപാടുകളും




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0406

# നേർപഥം
വാരിക

2024 നവംബർ 02
1446 റ. ആഖിർ 30
പുസ്തകം 08 / ലക്കം 44






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**






തമന്ന ബിൻത് സലീം

ഒരു വർഷം പിന്നിട്ട ഇസ്രായേൽ നരനായാട്ടിൽ ഊരും ഉയിരും നഷ്ടപ്പെട്ടവരുടെ കദന കഥകൾ ഉള്ളുലിയ്ക്കുന്നതാണ്. കണ്ണും കാതും മരവിക്കുന്ന ക്രൂരതയുടെ വാർത്തകളാണ് ദിനംപ്രതി ഫലസ്തീനിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. പീഡിതർക്ക് ശാന്തിയും പീഡകർക്ക് ശിക്ഷയും പുലരുന്ന ഭാവിയിലാണ് വിശ്വാസിയുടെ പ്രതീക്ഷ.

**05** മുഖമൊഴി
ഇതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്

**06** ലേഖനം
നല്ല മനസ്സുണ്ടാകാൻ നാലു കാര്യങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**09** നമുക്കുചുറ്റും
സാന്ത്വനം തേടുന്നവർ
ഹസനത്ത് വി.പി

**15** വിമർശനം
ആദർശം; പുതിയ വ്യാഖ്യാനവും പഴയ നിലപാടുകളും
മൂസ സ്വലാഹി കാര

**18** ചരിത്രപഥം
തൂലിക പടവാളാക്കിയ പരിഷ്‌കർത്താവ്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ഹദീസ് പാഠം
സ്നേഹത്തിന്റെ തണലൊരുക്കുക
ഉസ്മാൻ പാലക്കാഴി

**28** കർമപഥം
ഒഴിവുകഴിവുള്ളവരുടെ നമസ്കാരം
വിവ. അബ്ദുൽ ജബ്ബാർ മദീനി

**33** കാഴ്ച
ഇവരെ നാം പരിഗണിക്കാറുണ്ടോ?
മജീദ് ബസ്താക്ക്, കണ്ണൂർ

**34** ബാലപഥം
എന്റെ മതം
ഫിദ ഫാത്തിമ കെ.കെ,



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പ്രബോധന മേഖലയിൽ പുതുവെളിച്ചം പകർന്ന് 'അത്തഹ്ക്വീക്വ്' ക്യാമ്പിന് സമാപനം

മലപ്പുറം: അഹ്‌ലുസ്സുന്നയുടെ ആദർശത്തിൽനിന്ന് ബഹുദൂരം അകന്നുകൊണ്ടിരിക്കുന്ന വിവിധങ്ങളായ കക്ഷികളുണ്ട്. വ്യതിചലിക്കാനുള്ള കാരണങ്ങളും അഹ്‌ലുസ്സുന്നയിൽ നിന്ന് വേറിട്ടുനിൽക്കാനുള്ള ആശയങ്ങളും തിരിച്ചറിയുമ്പോഴാണ് ജനങ്ങളെ സൽപാതയിലേക്ക് വഴിനടത്താൻ കഴിയുക.

പ്രബോധകരുടെ വൈജ്ഞാനിക ശാക്തീകരണത്തിനായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ദഅ്‌വ വകുപ്പ് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സംരംഭമാണ് അത്തഹ്ക്വീക്വ്. അതിന്റെ പുതിയ വേർഷനാണ് തുടക്കം കുറിച്ചത്. ഹാകിമിയ്യത്ത്, ഇബാദത്തും ഇത്വാഅത്തും, അറബ് വസന്തം, ഖിലാഫത്ത്, മുലൂകിയ്യത്ത്, തൗഹീദ്, മതരാഷ്ട്ര വാദത്തിന്റ സ്വതന്ത്ര മുഖം, ശീഇസം വരിഞ്ഞുമുറുക്കിയ വിവിധ ഇസങ്ങൾ, സൂഫിസത്തിന്റ മതരാഷ്ട്രവാദ സങ്കൽപങ്ങൾ, രാഷ്ട്രീയ ഇസ്‌ലാമിന്റെ പരിണാമങ്ങൾ തുടങ്ങിയ ഗഹനമായ വിഷയങ്ങളാണ് പഠനവിധേയമാക്കിയത്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച പഠന ക്യാമ്പ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി ആധ്യക്ഷ്യം വഹിച്ചു. അബ്ദുറഹ്മാൻ ആദൃശ്ശേരി, അൻവർ അബൂബക്ർ, അബ്ദുൽ മാലിക് സലഫി, ശുറൈഹ് സലഫി, ശബീബ് സ്വലാഹി, മൂസ സ്വലാഹി വിഷയമവതരിപ്പിച്ചു. ഫൈസൽ മൗലവി, ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി, നബീൽ രണ്ടത്താണി, കെ.സജ്ജാദ് എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി. അബ്ദുല്ലാ ഫാസിൽ സ്വാഗതവും സഫീർ അൽഹികമി സമാപന സംസാരവും നിർവഹിച്ചു. ■

# വിസ്ഡം ബുക്സിൽനിന്ന് രണ്ട് ഇംഗ്ലീഷ് പുസ്തകങ്ങൾ ഷാർജ ബുക്ഫെയറിൽ പ്രകാശിതമാകുന്നു

കേരളത്തിൽ ഇടയ്ക്കിടെ ചർച്ചയാകുന്ന ഒരു വിഷയമാണ് ഐഎസ് റിക്രൂട്ട്മെന്റ്. ആരാണ് ഐഎസ്? എന്താണ് അവരുടെ ലക്ഷ്യം? എന്തുകൊണ്ട് ഇവരെ മുസ്‌ലിംകളിലേക്ക് ചേർത്ത് പറയുന്നു? ഈ വിഷയങ്ങൾ ലോക മുസ്‌ലിം പണ്ഡിതന്മാരും കേരളത്തിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകളും പല സന്ദർഭങ്ങളിലായി വ്യക്തത വരുത്തിയതാണ്. അതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് എന്തെങ്കിലും ഒരു വിഷയം വരുമ്പോൾ വീണ്ടും ഈ തീവ്രവാദ സംഘത്തെ മുസ്‌ലിംകൾക്കു മേൽ വച്ചുകെട്ടി ഇസ്‌ലാമിനെയും അതിന്റെ അനുയായികളെയും അപരവത്കരിക്കുന്നത് പതിവാണ്.

ഇതിനൊരു അറുതിയുണ്ടാകുംവിധം ഐഎസിനെ സംബന്ധിച്ച് സമഗ്രമായൊരു വിശകലനം ഉൾക്കൊള്ളുന്ന പുസ്തകമാണ് വിസ്ഡം ബുക്സ് ഷാർജ ബുക്ഫെയറിൽവച്ച് പ്രകാശനം ചെയ്യുന്ന Religion of IS എന്ന പേരിൽ ഇംഗ്ലീഷിൽ പുറത്തിറക്കുന്ന പുസ്തകം.

ഈ പുസ്തകത്തിൽ ഭീകരവാദത്തിന്റെ വേരുകൾ സംബന്ധിച്ചുള്ള ആഴത്തിലുള്ള അന്വേഷണമുണ്ട്. ഐഎസിന്റെ പിന്നിൽ ആരാണെന്ന കാര്യം തുറന്നു കാണിക്കുന്നുണ്ട്. കേരളത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഭീകരവാദത്തിനെതിരെ നടത്തിയ മുന്നേറ്റങ്ങളെ പരിചയപ്പെടുത്തുന്നുണ്ട്. അബ്ദുൽ മാലിക് സലഫിയാണ് രചയിതാവ്.

നിരീശ്വരവാദം പുതിയ രൂപത്തിലും ഭാവത്തിലും പുതിയ ജനറേഷനെ വേട്ടയാടിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ATHEISM The Wasteland Of Reason എന്ന പേരിൽ ഇംഗ്ലീഷിൽ തന്നെ മറ്റൊരു പുസ്തകവും പ്രകാശിതമാകുന്നുണ്ട്. നാസ്തികതയുടെ പൊള്ളത്തരങ്ങളെയും അവരുടെ മാനവിക വിരുദ്ധമായ നീക്കങ്ങളെയും ഈ പുസ്തകത്തിൽ തുറന്നുകാണിക്കുന്നുണ്ട്. ഡോ.സി.പി അബ്ദുല്ലാ ബാസിലാണ് രചയിതാവ്. ഇന്ത്യൻ ദേശീയ പത്രങ്ങളിലും ലോകത്ത് വിവിധ ഇംഗ്ലീഷ് മാധ്യമങ്ങളിലൂടെയുമാണ് കൂടുതലായി ഐഎസിനെ മുസ്‌ലിംകളുടെ ചുമലിൽ കെട്ടിവയ്ക്കുന്ന പ്രവണത കാണുന്നത്. നാസ്തികതയുടെ തടവറയിൽ കഴിയുന്നവരിൽ പലരും ഇംഗ്ലീഷിനെയാണ് കൂടുതൽ ആശ്രയിക്കുന്നത്. ഇതിനെല്ലാം ഒരു തിരുത്തായി ഈ രണ്ടു പുസ്തകങ്ങൾ ഏറെ ഉപകാരപ്പെടുമെന്നാണ് പ്രതീക്ഷ. ■

# ഇതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്

മനുഷ്യപ്രകൃതി നന്മയും തിന്മയും ചെയ്യുവാനുള്ള ചോദനകളുള്ളതാണ്. ഭൗതിക വളർച്ചക്കും പുരോഗതിക്കും പരമാവധി സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന മനുഷ്യമനസ്സിന്റെ ആത്മനിയന്ത്രണത്തിനും വിവേകപൂർണമായ തെരഞ്ഞെടുപ്പിനും പ്രേരിപ്പിക്കുന്നത് അവനിലെ ധാർമികബോധമാണ്. വ്യക്തി, കുടുംബം സമൂഹം എന്നിവയുടെയെല്ലാം ഗുണപരമായ വളർച്ചക്ക് ഇത് അനിവാര്യവുമാണ്. അല്ലാഹു പറയുന്നു:

"മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ് സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (ക്വുർആൻ 91:7-10).

ജന്മനാ നിഷ്‌കളങ്കനും നിസ്വാർഥനുമായ മനുഷ്യൻ പിറന്നുവീഴുന്ന ലോകത്തെ, മരണശേഷം തിരിച്ചു ചെല്ലേണ്ട ലോകത്തെക്കാൾ മികച്ചതായി കാണുകയും അതിന് അമിത പ്രാധാന്യം നൽകുകയും ചെയ്യുന്നതോടെ പ്രലോഭനങ്ങളും ഇച്ഛകളും അവനിൽ മേധാവിത്തം സ്ഥാപിക്കുന്നു. ഇത് മനുഷ്യസഹജമായ ധാർമികബോധത്തെയും സദാചാര നിഷ്ഠയെയും തളിപ്പറയുന്നതിന് കാരണമായി മാറുന്നു. താൻ ഇടപെടുന്നത് ഏത് രംഗത്തായാലും ധാർമികതയുടെ പരിധി ലംഘിക്കാത്തവിധം പ്രവർത്തിക്കുവാനും നേതൃത്വപരമായ പങ്ക് വഹിക്കുവാനും ഒരാൾ പ്രാപ്തി നേടുമ്പോഴാണ് സമൂഹത്തിലെ അംഗമെന്ന നിലയിലുള്ള വ്യക്തിപരമായ ബാധ്യത നിർവഹിക്കുവാനാവുക.

അവകാശങ്ങളും ബാധ്യതകളും പരസ്പര പൂരകങ്ങളാണ്. രണ്ടിലൊന്ന് നിഷേധിക്കുന്നതോടെ മറ്റേതിനു വേണ്ടി വാദിക്കാനുള്ള ധാർമികത നഷ്ടമാകും. സ്രഷ്ടാവിന്റെ അളവറ്റ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടും ആസ്വദിച്ചുകൊണ്ടും ജീവിക്കുന്ന മനുഷ്യൻ സ്രഷ്ടാവിനോടും സഷ്ടികളോടുമുള്ള ബാധ്യതകൾ നിർവഹിക്കുന്നില്ലെങ്കിൽ അത് വലിയ നന്ദികേട് തന്നെയാണ്. അല്ലാഹു പറയുന്നു:

"അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല" (ക്വുർആൻ 28:77).

സമൂഹത്തിൽനിന്നും അന്യവത്കരിക്കപ്പെട്ട ജീവിതം മനുഷ്യന് അസഹ്യവും അസ്വീകാര്യവുമാണ്. വ്യക്തിയുടെ പ്രവർത്തനങ്ങൾ സ്വാഭാവികമായും സമൂഹത്തിൽ പ്രതികരണങ്ങളുണ്ടാക്കും.

മാതാവിനെയും സഹോദരിയെയും ഭാര്യയെയും അയൽക്കാരിയെയും പരസ്പരം തിരിച്ചറിയുന്ന, സ്വകാര്യത കാത്തുസൂക്ഷിക്കുന്നതിനും മാനവിക ബന്ധങ്ങളെ ശക്തമായി നിലനിർത്തുന്നതിനും ഉതകുന്ന; സത്യസന്ധത, നീതി, സഹിഷ്ണുത, കാരുണ്യം തുടങ്ങിയ മുഴുവൻ സ്വഭാവഗുണങ്ങളെയും ഉന്നതമായി ഗണിക്കുന്ന; അസൂയ, പക, ശത്രുത, കൊല, വഞ്ചന തുടങ്ങിയ എല്ലാ ദുർഗുണങ്ങളെയും ഹീനമായി കരുതുന്ന, സദാചാര മൂല്യങ്ങളെ തകർക്കുന്നതെന്തും വലിച്ചെറിയാനുള്ള ശക്തി പകർന്നുനൽകുന്ന ധാർമികബോധം മനുഷ്യന്റെ നിലനിൽപിന് അത്യാവശ്യമാണ്. ഇതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നതും. ■

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299



# നല്ല മനസ്സുണ്ടാകാൻ നാലു കാര്യങ്ങൾ

ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ ഈമാൻ അഥവാ വിശ്വാസം വർധിക്കുകയും കുറയുകയും ചെയ്യുന്ന സന്ദർഭങ്ങളുണ്ടാകും. മുസ്‌ലിമായിരിക്കെ തന്നെ നിർബന്ധ ആരാധനകർമങ്ങളായ നമസ്കാരം കൃത്യതയും കണിശതയുമില്ലാതെ അലസമായും സമയബന്ധിതമായല്ലാതെയും നിർവഹിക്കൽ, സകാത്ത് കണക്കനുസരിച്ച് നൽകണമെന്നറിഞ്ഞിട്ടും അതിൽ താൽപര്യക്കുറവ് കാണിക്കൽ, റമദാനിൽ നോമ്പുകാരനായിരിക്കെത്തന്നെ നോമ്പിന്റെ പ്രതിഫലത്തെ ബാധിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ എന്നിങ്ങനെ തുടങ്ങി, ഒരുവേള ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യങ്ങളിലേക്കുവരെ ചെന്നെത്തുമ്പോൾ വിശ്വാസത്തിന്റെ തോത് കുറഞ്ഞുവരും എന്നതിൽ സംശയമില്ല. എന്നാൽ അഞ്ചുനേരത്തെ നമസ്കാരം കൃത്യമായും സമയബന്ധിതമായും നിർവഹിച്ച്, അനുബന്ധമായ ഐച്ഛിക നമസ്കാരങ്ങൾ നഷ്ടപ്പെടുത്താതെ, സകാത്ത് കണക്കനുസരിച്ച് കൊടു

ത്ത്, നോമ്പിന്റെ പ്രതിഫലം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധ പുലർത്തി, നന്മ ചെയ്യാനുള്ള അവസരങ്ങളെല്ലാം യഥോചിതം ഉപയോഗിച്ച് ജീവിക്കുമ്പോൾ ഈമാൻ വർധിക്കുമെന്നതിൽ സംശയമില്ല.

സദാസമയവും ഹൃദയത്തിൽ ഈമാൻ നിറഞ്ഞുനിൽക്കുക എന്നത് ഒരു വിശ്വാസിയുടെ ജീവിതത്തിലെ വലിയ സൗഭാഗ്യമാണ്. അത് എല്ലാവർക്കും ലഭിക്കുന്ന ഒന്നല്ല. അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ രണ്ട് തരം മനസ്സുകളെ കുറിച്ച് നമുക്ക് പറഞ്ഞുതരുന്നുണ്ട്:

“അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽനിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?). എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ” (ക്വുർആൻ 39:22).

മേൽ വചനത്തിൽ രണ്ടുതരം ഹൃദയങ്ങളെ കുറിച്ചുള്ള പരാമർശമുണ്ട്. ഒന്ന്, ഹിദായത്തിന്റെ (സന്മാർഗം) പ്രകാശം ലഭിച്ച് ഇസ്‌ലാമിനെ സ്വീകരിക്കാനും ഉൾക്കൊള്ളാനും അതനുസരിച്ച് ജീവിക്കാനും ഭാഗ്യം ലഭിച്ചത്. മറ്റൊന്ന്, അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയില്ലാത്തത്. അല്ലാഹുവിനെ ഓർക്കുന്നതിൽനിന്ന് മനസ്സ് മാറിപ്പോവുകയും ഇസ്‌ലാമിക നിയമസംഹിതകളിൽ നിന്ന് അകലുകയും ചെയ്യുമ്പോൾ സ്വാഭാവികമായും മനസ്സ് കടുത്തുപോകും.

നബി(സ്വ) പറഞ്ഞതായി ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു: “നിങ്ങൾ അല്ലാഹുവിന്റെ ‘ദിക്ർ’ അല്ലാത്ത വിഷയത്തിൽ സംസാരം അധികരിപ്പിക്കരുത്. കാരണം ‘ദിക്ർ’ അല്ലാത്തതിൽ സംസാരം വർധിപ്പിക്കുന്നത് ഹൃദയത്തിനു കാഠിന്യം ഉണ്ടാക്കുന്നതാണ്. ജനങ്ങളിൽ നിന്ന് അല്ലാഹുവിനോട് ഏറ്റവും അകന്നത് കടുത്ത ഹൃദയമത്രെ” (തിർമിദി).

ദാമ്പത്യരംഗത്തും സാമ്പത്തികരംഗത്തും സാമൂഹികരംഗത്തും, ഇടപാടുകളും ഇടപെടലുകളും നടത്തുമ്പോഴും തുടങ്ങി, മനുഷ്യജീവിതത്തിന്റെ നിഖില മേഖലകളിലും രണ്ടുതരം ഹൃദയത്തിന്റെ ഉടമകളെ നമുക്ക് കാണുവാൻ സാധിക്കും.

ഇതിൽ ഒന്നാമത്തെ ഹൃദയം ലഭിച്ചവരിൽനിന്ന് ലോലവും കാരുണ്യവും സ്നേഹവുമുള്ള സമീപനങ്ങളും പെരുമാറ്റങ്ങളുമാണ് നമുക്ക് കാണാൻ സാധിക്കുക. എന്നാൽ രണ്ടാമത് പറഞ്ഞ ഹൃദയത്തിന്റെ ഉടമകളിൽനിന്ന് പരുഷതയും ഗൗരവവും കാർക്കശ്യവും അസൂയയും നിറഞ്ഞ സമീപനങ്ങളും പെരുമാറ്റങ്ങളുമായിരിക്കും നാം കാണുക.

മനസ്സ് നിർമലവും വിശാലവും സ്നേഹം, കരുണ, അലിവ്, അനുകമ്പ പോലുള്ള സദ്ഗുണങ്ങളുള്ളതുമാകുവാനുള്ള ചില കാര്യങ്ങൾ പണ്ഡിതന്മാർ വിശദീകരിച്ചതായി കാണാം. അതിൽ പ്രധാനപ്പെട്ട നാലു കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം:

**1. മരണത്തെക്കുറിച്ചുള്ള ചിന്ത**

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: “സർവ ആസ്വാദനങ്ങളേയും മുറിച്ച് കളയുന്ന മരണ ചിന്ത നിങ്ങൾ അധികരിപ്പിക്കുക” (തിർമുദി).

ജീവിതത്തിലെ സർവ ആസ്വാദനങ്ങൾക്കും അവസാനം കുറിക്കുന്നത് മരണത്തോടെയാണല്ലോ. അതാകട്ടെ ഏതു നിമിഷവും എവിടെവെച്ചും സംഭവിക്കാം.

അല്ലാഹു പറയുന്നു: “ഏതൊരാളും മരണത്തെ ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും” (ക്വുർആൻ 29:57).

“ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ ഒരു നാഴികനേരം പോലും വൈ

നാം സൂക്ഷിച്ചും ശ്രദ്ധിച്ചും കൊണ്ടുനടക്കുന്ന നമ്മുടെ ശരീരത്തിന്റെ അവസ്ഥ ഒരു ചെറിയ അപകടം കൊണ്ട് മാറിമറിയാം. ദീർഘകാലത്തെ സമ്പാദ്യം വലിയ ഒരു രോഗത്തിന്റെ ചികിത്സക്ക് തികയാതെ വരികയും വലിയ കടബാധ്യത വരുത്തിവയ്ക്കുകയും ചെയ്തേക്കാം. അത്തരം ഒരവസ്ഥ എനിക്ക് രക്ഷിതാവ് നൽകിയില്ല എന്നത് വലിയ അനുഗ്രഹമാണെന്ന് തിരിച്ചറിയാൻ ഇത്തരം സന്ദർശനങ്ങൾ സഹായിക്കും

കിക്കുകയോ നേരത്തെയാക്കുകയോ ഇല്ല” (ക്വുർആൻ 7:34).

“താൻ ഏതു നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല” (ക്വുർആൻ 31:34).

അബൂദർദ്ദാഅ്(റ) പറഞ്ഞു: “ആരെങ്കിലും മരണത്തെക്കുറിച്ച് അധികമായി ഓർത്താൽ അവന് അസൂയ കുറയുകയും അമിതമായി സന്തോഷിക്കുന്നത് കുറയുകയും ചെയ്യും.”

ജീവിതത്തിൽ തനിക്ക് ലഭിക്കാത്തത് മറ്റുള്ളവർക്ക് ലഭിക്കുമ്പോഴും മറ്റുള്ളവരുടെ വളർച്ചയിലും മറ്റും സ്വാഭാവികമായും ഉണ്ടായേക്കാനിടയുള്ള അസൂയയെന്ന തിന്മയും തനിക്ക് വല്ല നേട്ടവും ലഭിച്ചാലുള്ള അമിതമായ സന്തോഷവും ഇല്ലാതാകുവാനും മനസ്സ് ലോലമാകുവാനും മരണചിന്ത സഹായകമാണ്.

**2. രോഗികളെയും പരീക്ഷിക്കപ്പെട്ടവരെയും സന്ദർശിക്കുക**

ഇഹലോകത്തിന്റെ നിസ്സാരത നമ്മെ ബോധ്യപ്പെടുത്ത സന്ദർഭങ്ങളിലൊന്നാണ് അപകടം സംഭവിച്ചവരെയോ, മാരകമായ രോഗങ്ങൾക്ക് വിധേയരായവരെയോ, അതല്ലെങ്കിൽ ജീവിതത്തിൽ എന്തെങ്കിലും വലിയ ബുദ്ധിമുട്ടുകൾകൊണ്ടോ പ്രയാസങ്ങൾ കൊണ്ടോ പരീക്ഷിക്കപ്പെട്ടവരെയോ കാണുക എന്നത്.

പരീക്ഷിക്കപ്പെട്ടവരെ കാണുമ്പോൾ പ്രാർഥിക്കാനായി നബി(സ്വ) പഠിപ്പിച്ച പ്രാർഥനയിൽ തന്നെ അതിന്റെ പൊരുൾ നമുക്ക് കാണാൻ കഴിയും. അത് ഇപ്രകാരമാണ്: “നിന്നെ ബാധിച്ച പരീക്ഷണത്തിൽ നിന്ന് എനിക്ക് സൗഖ്യം നൽകുകയും സൃഷ്ടികളിൽ അനേകം ആളുകളെക്കാൾ എന്നെ ഉൽകൃഷ്ടനാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സർവസ്തുതിയും” (തിർമുദി).

നാം സൂക്ഷിച്ചും ശ്രദ്ധിച്ചും കൊണ്ടുനടക്കുന്ന നമ്മുടെ ശരീരത്തിന്റെ അവസ്ഥ ഒരു ചെറിയ അപകടം കൊണ്ട് മാറിമറിയാം. ദീർഘകാലത്തെ സമ്പാദ്യം വലിയ ഒരു രോഗത്തിന്റെ ചികിത്സക്ക് തികയാതെ വരികയും വലിയ കടബാധ്യത വരുത്തിവയ്ക്കുകയും ചെയ്തേക്കാം. അത്തരം ഒരവസ്ഥ എനിക്ക് രക്ഷിതാവ് നൽകിയില്ല എന്നത് വലിയ അനുഗ്രഹമാണെന്ന് തിരിച്ചറിയാൻ ഇത്തരം സന്ദർശനങ്ങൾ സഹായിക്കും.

**3. മരണാസന്നരായവരെ സന്ദർശിക്കുക**

ദീർഘകാലമായി രോഗത്തിൽ കിടക്കുകയോ, അപകടം സംഭവിച്ച് അത്യാസന്ന നിലയിൽ കഴിയുകയോ ചെയ്യുന്ന, ഇനി സാധാരണ ജീവിതത്തിലേക്ക് ഒരു മടക്കമില്ല എന്ന അവസ്ഥയിലെത്തിയ, അന്ത്യനിമിഷങ്ങളടുത്തവരെ സന്ദർശിച്ചാൽ അത് ജീവിത്തിൽ ഒരു വീണ്ടുവിചാരത്തിന് ഇടയാക്കിയേക്കാം.

ഒരിക്കൽ മരണാസന്നനായ ഒരു രോഗിയെ സന്ദർശിച്ചു വന്ന ഹസനുൽ ബസ്വരി(റഹി)യോട് തന്റെ കുടുംബം ഭക്ഷണം കഴിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ ഭക്ഷണത്തോട് താൽപര്യം കാണിക്കാതെ അവരോടായി അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ കഴിക്കുകയും കുടിക്കുകയും ചെയ്യുക. ഇന്ന് ഞാൻ വല്ലാത്ത ഒരു കാഴ്ച കണ്ടു. ആ അവസ്ഥ എനിക്ക് എത്തുന്നതുവരെ അതിനുവേണ്ടി ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കും.’

ഉറ്റാലോചിക്കാനും ജീവിതത്തിൽ വന്നുപോയ തെറ്റുകൾ തിരുത്താനും മനസ്സിനെ പാകപ്പെടുത്താൻ ഇത്തരം സന്ദർഭങ്ങളും സാഹചര്യങ്ങളും തുണയാകും.

**4. ക്വബ്ർ സന്ദർശനം**

മനസ്സിനെ ശുദ്ധീകരിക്കാൻ ഉതകുന്ന ഏറ്റവും നല്ല മാർഗമാണ് ക്വബ്ർ സന്ദർശനം. മാതാപിതാക്കളുടെയോ മക്കളുടെയോ മറ്റു ഉറ്റ ബന്ധുക്കളുടെയോ ക്വബ്ർ സന്ദർശിക്കുന്ന വേളയിൽ ഏതൊരു വ്യക്തിയും നാളെ താനും ആറടി മണ്ണിൽ ഇതുപോലെ കിടക്കേണ്ടവനാണല്ലോ എന്നു ചിന്തിച്ചുപോകും.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: “നിങ്ങൾ ക്വബ്റുകൾ സന്ദർശിക്കുക, കാരണം അത് നിങ്ങൾക്ക് പരലോകത്തെ ഓർമപ്പെടുത്തും” (ഇബ്നുമാജ).

ഉസ്മാൻ ഇബ്നു അഫ്ഫാൻ(റ) ക്വബ്റിനരികിലൂടെ നടന്നുപോയാൽ തന്റെ താടിരോമങ്ങൾ നനയുമാറ് കരയുമായിരുന്നു. അദ്ദേഹത്തോട് ആരോ ചോദിച്ചു: ‘നിങ്ങൾ സ്വർഗ-നരകത്തെ ഓർത്ത് കരയാതെ ക്വബ്ർ കണ്ടിട്ടാണോ കരയുന്നത്?’ ഉസ്മാൻ(റ) പറഞ്ഞു: ‘പരലോകത്തിന്റെ ഒന്നാമത്തെ ഇടം ക്വബ്റാകുന്നു. ഒരാൾ അവിടെ രക്ഷപ്പെട്ടാൽ ശേഷമുള്ളത് അവന് വളരെ എളുപ്പമാകുന്നു. അതിൽ രക്ഷപ്പെടാത്തവന് ബാക്കിയുള്ളതെല്ലാം പ്രയാസകരമായിരിക്കും.’ എന്നിട്ടദ്ദേഹം നബി(സ്വ) പറഞ്ഞ ഒരു വചനം പറഞ്ഞു: ‘ക്വബ്റിനെക്കാൾ ഭീകരമായതും മോശമായതുമായ ഒരു കാഴ്ചയും ഞാൻ കണ്ടിട്ടില്ല’ (തിർമുദി).

ഉറ്റവർക്കു വേണ്ടി പ്രാർഥിക്കുന്നതോടൊപ്പം ജീവിതത്തിലെ അനിവാര്യമായും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ചിന്തിക്കുകയും ജീവിതത്തിലെ എല്ലാ രംഗത്തും മാറണമെന്ന തീരുമാനം എടുക്കുകയും മനസ്സിനെ അതിനായി പാകപ്പെടുത്തുകയും ചെയ്യാൻ സഹായിക്കുന്ന അവസരമാണത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് മനസ്സിനെ നിർമലമാക്കാനും വിനയമുള്ളതാക്കാനും നന്നാക്കാനും നാം പരിശ്രമിക്കണം. ■



# സാന്ത്വനം തേടുന്നവർ

ഭക്ഷണം കഴിഞ്ഞുള്ള ചർച്ചയിൽ വിഷയം ആരോരുമില്ലാത്ത, തനിച്ചു ജീവിക്കുന്ന ആ വൃദ്ധയായ ഉമ്മയായി. അവരെ ഒന്ന് സന്ദർശിക്കണമെന്നു ഞാനും മൂത്തമ്മയും തീരുമാനിച്ചു. പിറ്റേദിവസം അവിടെ എത്താനായി തിടുക്കം. ബസ്സിറങ്ങി മെയിൻ റോട്ടിൽനിന്നും ഇടവഴിയിലൂടെ നടന്നു നീങ്ങി. ചോദിച്ചറിഞ്ഞ് വീടു കണ്ടെത്തി.

മൺചുമരുള്ള ഒരു ഒറ്റമുറി വീട്. വീടിന്റെ പിൻവാതിലിനോട് ചേർന്നുള്ള ഷീറ്റിനടിയിൽ മൂന്നു കല്ലുകൾ വച്ചുള്ള അടുപ്പ്. നടക്കാൻ പ്രയാസപ്പെടുന്ന ഉമ്മ ചോദിച്ചു:

‘നിങ്ങൾ എങ്ങോട്ട് പോകുന്ന വഴിയാ?’

‘ഞങ്ങൾ നിങ്ങളെ കാണാൻ വന്നതു തന്നെയാണ്’ എന്ന മറുപടി കേട്ടപ്പോൾ ഉമ്മയ്ക്ക് വലിയ സന്തോഷമായി.

വല്ലപ്പോഴും ആരെങ്കിലുമൊക്കെ വരുമെന്നും വല്ലതുമൊക്കെ തരുമെന്നും അതുകൊണ്ട് അങ്ങനെ കഴിഞ്ഞുകൂടുന്നുവെന്നും അവർ വിശദീകരിച്ചു. അകത്തേക്ക് കയറിച്ചെന്നപ്പോൾ കണ്ടത് കിടക്കാനുള്ള ഒരു പായയും ചുമരിൽ അങ്ങിങ്ങായി തൂക്കിയിട്ട സഞ്ചികളും.

ഇവിടെയെല്ലാം ഞങ്ങൾ ഒന്ന് തട്ടിക്കൊട്ടി അടിച്ച് വൃത്തിയാക്കിത്തരാം എന്നു പറഞ്ഞപ്പോൾ ‘നിങ്ങൾക്ക് അത് പ്രയാസമാവില്ലേ’ എന്നായിരുന്നു പ്രതികരണം. മക്കളുണ്ടാകുന്നതിനു മുമ്പേ വിവാഹമോചിതയായതാണ്. മാതാപിതാക്കളുടെ കാലശേഷം ഒറ്റക്കായി.

വീടിനു പിന്നാമ്പുറത്ത് ഒരു കോണിൽ കിടക്കുന്ന ചൂലെടുത്തു ഞാൻ അടിച്ചുവാരിത്തുടങ്ങി. ഞങ്ങളുടെ വരവിൽ അസ്വസ്ഥരായ എലികൾ തലങ്ങും വിലങ്ങും പാഞ്ഞു.

ഉമ്മയുടെ നമസ്കാരക്കുപ്പായവും വസ്ത്രങ്ങളും അലക്കി ഉണങ്ങാനിട്ട ശേഷം ഞങ്ങൾ പുറപ്പെടാൻ ഒരുങ്ങവെ കട്ടൻ ചായ തരാൻ അവർ മറന്നില്ല. കുറച്ചു കാശ് കൈയിൽ കൊടുത്ത് സലാം പറഞ്ഞ്, ഇടക്കൊക്കെ വരാം എന്ന വാക്കോടെ ഞങ്ങൾ മടങ്ങി.

ഒരാളുടെ പ്രയാസം നാം നീക്കിക്കൊടുത്താൽ നാളെ അല്ലാഹു നമ്മുടെ പ്രയാസവും നീക്കിത്തരും എന്ന നബിവചനം അന്നേരം മനസ്സിന് സന്തോഷമേകി.

ഒരാഴ്ച കഴിഞ്ഞപ്പോൾ ആ ഉമ്മ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി എന്ന വാർത്തയാണ് കേൾക്കാനായത്. വല്ലാതെ വിഷമിച്ച ഒരു നിമിഷമായിരുന്നു അത്. മരണത്തിലേക്കുള്ള ഒരുക്കത്തിന് റബ്ബ് നിശ്ചയിച്ചതനുസരിച്ചാണോ അന്ന് അവരെ സന്ദർശിച്ചത് എന്ന് തോന്നിപ്പോയി.

എത്രയെത്ര ആളുകളാണ് ഇതുപോലെ മറ്റുള്ളവരുടെ സഹായവും സാന്ത്വനവാക്കുകളും ആഗ്രഹിച്ച് അത് കിട്ടാതെ ദിവസങ്ങൾ കണ്ണീരോടെ തള്ളിനീക്കുന്നത്. നാം കണ്ണു തുറന്നു നോക്കാത്തതാണ് പ്രശ്നം.

തമന്ന ബിൻത് സലീം

ഒരു വർഷം പിന്നിട്ട ഇസ്രായേൽ നരനായാട്ടിൽ ഊരും ഉയിരും നഷ്ടപ്പെട്ടവരുടെ കദന കഥകൾ ഉള്ളലിയിക്കുന്നതാണ്. കണ്ണും കാതും മരവിക്കുന്ന ക്രൂരതയുടെ വാർത്തകളാണ് ദിനംപ്രതി ഫലസ്തീനിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. പീഡിതർക്ക് ശാന്തിയും പീഡകർക്ക് ശിക്ഷയും പുലരുന്ന ഭാവിയിലാണ് വിശ്വാസിയുടെ പ്രതീക്ഷ.

# അവസാനമില്ലാത്ത ഇസ്രായേൽ നരനായാട്ട്!

കുഞ്ഞുങ്ങളെയും അവരുടെ വളർച്ചയെയും കൗതുകത്തോടെയും ഇഷ്ടത്തോടെയും വീക്ഷിക്കുന്നവരാണ് നമ്മളെല്ലാം. ഒരു കുഞ്ഞ് സംസാരിച്ചു തുടങ്ങുമ്പോൾ പറയുന്ന ഓരോ വാക്കും എത്രത്തോളം മനോഹരവും നിഷ്കളങ്കവുമായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നത്!

മറ്റുള്ളവരോട് കൗതുകത്തോടെ കുഞ്ഞു കുഞ്ഞു സംശയങ്ങൾ തീരാതെ ചോദിച്ചുകൊണ്ടിരിക്കേണ്ട പ്രായത്തിലുള്ള ഒരു കുഞ്ഞ് തന്റെ പൂച്ചക്കുട്ടിയോട് സംസാരിക്കുന്ന വീഡിയോ ഈയിടെ സോഷ്യൽ മീഡിയയിൽ വൈറലായതാണ്. തങ്ങളുടെ മേൽ ബോംബ് വർഷിക്കപ്പെട്ടാൽ എല്ലാവരും കൊല്ലപ്പെടുമെന്നും ഇനി പൂച്ച മാത്രമാണ് രക്ഷപ്പെടുന്നതെങ്കിൽ തന്റെയോ കുടുംബാഗങ്ങളുടെയോ ചിന്നിച്ചിതറിയ മാംസക്കഷ്ണങ്ങൾ ഭക്ഷിക്കരുതെന്നും ഗൗരവത്തോടെ ഉപദേശിക്കുകയാണ് ആ കുഞ്ഞ് തന്റെ പൂച്ചയെ! ആ കുരുന്നിന്റെ മാനസികാവസ്ഥ എന്തായിരിക്കും? ഉറക്കത്തിൽ അവൾക്ക് ദുഃസ്വപ്നമല്ലാതെ കാണാൻ പറ്റുന്നുണ്ടാകുമോ? പൂച്ചക്കുട്ടിയോട് സംസാരിച്ച ആ പെൺകുട്ടി ഫലസ്തീനിൽ നിന്നുള്ള കുട്ടിയാണ്. ഫലസ്തീനിന്റെ മകളാണ്.

ഇന്ന് നമ്മൾ സോഷ്യൽ മീഡിയകളിൽ കാണുന്ന അനേകം നിഷ്കളങ്ക ബാല്യങ്ങളിൽ ഒരാൾ മാത്രമാണ് അവളും. ഇതുപോലെയുള്ള, അല്ലെങ്കിൽ ഇതിലും ഭീകരമായിട്ടുള്ള അവസ്ഥകളിലൂടെയാണ് ഫലസ്തീനിലെ കുട്ടികളെല്ലാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. 2023 ഒക്ടോബറിൽ ഹമാസ് ഇസ്റാഈലിലേക്ക് അയച്ച മിസൈലുകൾക്ക് ശേഷം മാത്രം തുടങ്ങിയതല്ല



ഫലസ്തീനിലെ കുട്ടികളുടെ ദുരിത ജീവിതങ്ങൾ. ജൂതകുടിയേറ്റം ശക്തിപ്പെട്ടുവരുന്ന കാലം മുതലേ ഓരോ കുട്ടിയും ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാകും. കുട്ടികൾ മാത്രമല്ല, പതിറ്റാണ്ടുകളായി ഫലസ്തീനിലെ ഓരോ മനുഷ്യനും ഭീതി നിറഞ്ഞ അവസ്ഥകളിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്.

ബ്രിട്ടനിന്റെയും മറ്റു സാമ്രാജ്യത്വ ശക്തികളുടെയും സ്വാർഥ താൽപര്യങ്ങൾക്കും നിലനിൽപിനും വേണ്ടിയാണ് ഒരു നൂറ്റാണ്ടോളമായി ഈ ജനസമൂഹം യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇസ്രാഈൽ തങ്ങളുടെ വാഗ്ദത്ത ഭൂമിയാണെന്നും തങ്ങളാണ് ഇവിടുത്തെ അവകാശികളെന്നും അവകാശപ്പെടുന്ന ജൂതന്മാരുടെ ചരിത്രമന്വേഷിച്ചാൽ മെസപൊട്ടോമിയയിലെ ഉർ എന്ന പ്രദേശവാസികളായിരുന്നു അവരെന്ന് മനസ്സിലാക്കാം. അഥവാ ഇസ്രാഈൽ എന്ന പേരുകൂടി ഉണ്ടായിരുന്ന യഅ്ക്വൂബ് നബി(അ)യുടെ പിതാമഹനായ ഇബ്‌റാഹീം നബി(അ)യുടെ ജന്മദേശം.

അദ്ദേഹം നംറൂദിനാൽ പീഡിപ്പിക്കപ്പെടുകയും നാട്ടിൽനിന്നും പിതാവിനാൽ പുറത്താക്കപ്പെടുകയും ചെയ്ത ശേഷം പലായനം ചെയ്ത് എത്തിയ പ്രദേശമാണ് ഫലസ്തീൻ. അവിടെ അദ്ദേഹത്തിന്റെ മകൻ ഇസ്ഹാക്വും ഇസ്ഹാകിന്റെ മകൻ യഅ്ക്വൂബും താമസിച്ചു വന്നു. പിന്നീട് യഅ്ക്വൂബ് നബി(അ)യുടെ മകനായ യൂസുഫ് നബി(അ)യുടെ കാലത്ത് അവർ കുടുംബത്തോടെ ഈജിപ്തിലേക്ക് പോകുകയും അവിടെ കാലങ്ങളോളം താമസിക്കുകയും ചെയ്തു. പിന്നീട് ഫിർഔനിന്റെ കാലത്ത് വല്ലാതെ പീഡിപ്പിക്കപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോഴാണ് മൂസാ(അ)യുടെ ജനനം. ചെങ്കടൽ കടന്ന് മൂസാനബി(അ)യും ഇസ്‌റാഈല്യരും സീനായിലേക്ക് രക്ഷപ്പെട്ട സംഭവം ചരിത്രത്തിലുണ്ട്. മൂസാ നബി(അ)യുടെ ഈ ജനതയാണ് പിന്നീട് യഹൂദികളെന്നും ജൂതന്മാരെന്നും അറിയപ്പെട്ടത്.

സീനാമരുഭൂമിയിൽ എത്തിയ ഈ ജനതയോട് അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിലേക്ക് പ്രവേശിക്കാനും അതിനുവേണ്ടി യുദ്ധം ചെയ്യാനും മൂസാ(അ) ആവശ്യപ്പെട്ടപ്പോൾ ധിക്കാരത്തോടെ, ‘നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തോ ഞങ്ങളിവിടെ ഇരുന്നോളാം’ എന്നു പറഞ്ഞതിനാൽ നാൽപതു വർഷത്തോളം അവർക്ക് ആ ഭൂമി നിഷിദ്ധമാക്കപ്പെടുകയുണ്ടായി.

“എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് വിധിച്ചിട്ടുള്ള പവിത്രഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ. നിങ്ങൾ പിന്നോക്കം മടങ്ങരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും. അവർ പറഞ്ഞു: ഓ; മൂസാ, പരാക്രമശാലികളായ ഒരു ജനതയാണ് അവിടെയുള്ളത്. അവർ അവിടെനിന്ന് പുറത്തു പോകുന്നതു വരെ ഞങ്ങൾ അവിടെ പ്രവേശിക്കുകയേയില്ല. അവർ അവിടെ നിന്ന് പുറത്തു പോകുന്ന പക്ഷം തീർച്ചയായും ഞങ്ങൾ (അവിടെ) പ്രവേശിച്ചുകൊള്ളാം. ദൈവഭയമുള്ളവരിൽ പെട്ട, അല്ലാഹു അനുഗ്രഹിച്ച രണ്ടുപേർ പറഞ്ഞു: നിങ്ങൾ അവരുടെ നേർക്ക് കവാടം കടന്ന് ചെല്ലുക. അങ്ങനെ നിങ്ങൾ കടന്നുചെന്നാൽ തീർച്ചയായും നിങ്ങൾ തന്നെയായിരിക്കും ജയിക്കുന്നത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപിക്കുക. അപ്പോൾ അവർ

പറഞ്ഞു: ഓ; മൂസാ, അവരവിടെ ഉണ്ടായിരിക്കുന്ന കാലത്തോളം ഞങ്ങളൊരിക്കലും അവിടെ പ്രവേശിക്കുകയില്ല. അതിനാൽ താങ്കളും താങ്കളുടെ രക്ഷിതാവും കൂടി പോയി യുദ്ധം ചെയ്തുകൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്" (വിശുദ്ധ ഖുർആൻ 5:21-24).

അവരോളം അനുഗ്രഹിക്കപ്പെട്ടവരും നിരവധി തവണ ദൈവപ്രീതി ലഭിച്ചവരുമായ ഒരു ജനത വേറെയില്ല. എന്നിട്ടും അതെല്ലാം മറന്ന് വീണ്ടും വീണ്ടും ധിക്കാരം കാണിക്കാനും ഭൂമിയിൽ പ്രശ്നങ്ങളുണ്ടാകാനും അവർ തയ്യാറായി. ഈ സ്വഭാവം കാരണം മൂസാ നബി(അ)യുടെ കാലത്ത് അവർക്ക് വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.

ശേഷം ആ ഭൂമിയിൽ അവർ പ്രവേശിക്കുകയും അവിടെ ജീവിക്കുകയും ചെയ്തു. ബിസി 11 മുതൽ എഡി ഒന്നു വരെ അവർ അവിടം ഭരിച്ചു. റോമൻ സാമ്രാജ്യം ശക്തിപ്പെടുകയും ഫലസ്തീൻ ഭാഗങ്ങൾ അവർ അധീനപ്പെടുത്തുകയും ചെയ്തതിന് ശേഷം ജൂതൻമാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറുകയായിരുന്നു.

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ലോകത്താകമാനം രൂപപ്പെട്ട പുതിയ രാഷ്ട്രീയ സങ്കൽപം ജൂതന്മാരിലും അവരുടെതായ ഒരു രാഷ്ട്ര സങ്കൽപത്തിന് തിരികൊളുത്തി. റഷ്യൻ ജൂത ഡോക്ടറായ ലിയോൻ പിൻസ്ക്കർ ആണ് ആദ്യമായി ജൂത ദേശമെന്ന ആശയം 'ഓട്ടോ ഇമേൻസിപേഷൻ' എന്ന തന്റെ പുസ്തകത്തിലൂടെ പുറത്തുവിട്ടത്. എന്നാൽ അത് ഫലസ്തീൻ ആകണമെന്ന് അദ്ദേഹം പറഞ്ഞിരുന്നില്ല.

1880കളിൽ ഫലസ്തീനിലെ സിയോൺ കുന്നിന്റെ പേരിൽ 'ലവേർസ് ഓഫ് സിയോൺ' എന്ന പേരിൽ ഒരുപറ്റം ജൂതന്മാർ കൂട്ടമായി പ്രവർത്തിക്കാൻ തുടങ്ങി. ഇവർ പ്രതിനിധീകരിക്കുന്ന ആശയമാണ് പിന്നീട് 'സിയോണിസം' എന്നറിയപ്പെട്ടത്. ഇവരുടെ ലക്ഷ്യം ലോകത്ത് ചിതറപ്പെട്ട് കിടക്കുന്ന ജൂതന്മാരെ ഒരുമിപ്പിക്കലും അവരുടെ പ്രാചീന ഹീബ്രൂ സംസ്കാരം പരിപോഷിപ്പിക്കലും അവരുടെ രാഷ്ട്രീയവും മതപരവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ഫലസ്തീനിൽ അവർക്ക് സ്വന്തമായി ഒരു ജൂതരാഷ്ട്രമെന്ന സ്വപ്നം യാഥാർഥ്യമാക്കലുമായിരുന്നു. അവർക്കിടയിൽ 'സെക്കന്റ് മോസസ്' എന്നറിയപ്പെടുന്ന, അവരുടെ ആദ്യത്തെ നേതാവായി അംഗീകരിക്കപ്പെടുന്ന തിയോഡർ ഹെർസലിന്റെ കീഴിൽ 1897ൽ ബേസലിൽ വെച്ചാണ് അവരുടെ ആദ്യ അന്താരാഷ്ട്ര കോൺഫറൻസ് നടക്കുന്നത്. ആ കോൺഫറൻസിൽവച്ച് ഫലസ്തീനിലേക്ക് കാർഷിക, വ്യാവസായിക തൊഴിലാളികളായിക്കൊണ്ട് കുടിയേറാനും അവിടുത്തെ ജൂത അധിനിവേശം ശക്തിപ്പെടുത്താനും പല രാജ്യങ്ങളിലായി കിടക്കുന്ന ജൂതന്മാരെ അങ്ങോട്ട് എത്തിക്കാനുമെല്ലാം തീരുമാനമായി. കോൺഫറൻസിനു ശേഷം ഒട്ടോമൻ ഖലീഫയായ സുൽത്താൻ അബ്ദുൽ ഹമീദ് രണ്ടാമനെ പോയി കണ്ട് അവരുടെ ആവശ്യം പറഞ്ഞു അനുവാദം ചോദിച്ചുവെങ്കിലും അപകടം മുന്നിൽ കണ്ട് അദ്ദേഹം അത് നിരാകരിച്ചു.

ഒന്നാം ലോകമഹായുദ്ധ സമയത്ത് ബ്രിട്ടനുൾപ്പെടുന്ന സഖ്യത്തിനാണ് ജൂതന്മാർ പിന്തുണ നൽകിയത്. ബ്രിട്ടൻ ഫലസ്തീനിലുള്ള അവരുടെ രാഷ്ട്ര സ്വപ്നത്തെ യാഥാർഥ്യമാക്കാൻ സഹായിക്കുമെന്ന ഉറപ്പിന്മേലായിരുന്നു അത്. ബ്രിട്ടൻ മറ്റു പലരുടെയും പിന്തുണ വാങ്ങിയതും ഇതേ സ്ഥലം വാഗ്ദാനം നൽകിയിട്ടായിരുന്നു. ബ്രിട്ടന്റെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ലോർഡ് ബാൽഫറിൽനിന്നും ഇംഗ്ലീഷ് ജൂത നേതാവായ റോത്സ് ചൈൽഡ്ൻ എഴുതിയ കത്ത് പിന്നീട് ലോകം കാണുകയുണ്ടായി. അതിൽ അവരുടെ രാഷ്ട്ര നിർമിതിക്ക് ബ്രിട്ടൻ പിന്തുണ കൊടുക്കുമെന്നും അന്നാട്ടിലെ നിലവിലുള്ള ജൂതന്മാരല്ലാത്തവരുടെ അവകാശങ്ങളെയും ലോകത്തിന്റെ മറ്റിടങ്ങളിൽ

1880കളിൽ ഫലസ്തീനിലെ സിയോൺ കുന്നിന്റെ പേരിൽ 'ലവേർസ് ഓഫ് സിയോൺ' എന്ന പേരിൽ ഒരുപറ്റം ജൂതന്മാർ കൂട്ടമായി പ്രവർത്തിക്കാൻ തുടങ്ങി. ഇവർ പ്രതിനിധീകരിക്കുന്ന ആശയമാണ് പിന്നീട് 'സിയോണിസം' എന്നറിയപ്പെട്ടത്. ഇവരുടെ ലക്ഷ്യം ലോകത്ത് ചിതറപ്പെട്ട് കിടക്കുന്ന ജൂതന്മാരെ ഒരുമിപ്പിക്കലും അവരുടെ പ്രാചീന ഹീബ്രൂ സംസ്കാരം പരിപോഷിപ്പിക്കലും അവരുടെ രാഷ്ട്രീയവും മതപരവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ഫലസ്തീനിൽ അവർക്ക് സ്വന്തമായി ഒരു ജൂതരാഷ്ട്രമെന്ന സ്വപ്നം യാഥാർഥ്യമാക്കലുമായിരുന്നു.




ജീവിക്കുന്ന ജൂതന്മാരുടെ അവകാശങ്ങളെയും ഹനിക്കാത്ത വിധത്തിലായിരിക്കും അത് എന്നും എടുത്ത് പറയുന്നതായി കാണാം.

ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ബ്രിട്ടൻ കുടിയേറ്റം അനുവദിക്കുകയും അനേകം ജൂതന്മാർ അവിടെ വന്നു ഭൂമി വാങ്ങി അവരുടെ പ്രദേശം മതിൽ കെട്ടി സംരക്ഷിക്കാൻ തുടങ്ങുകയും ചെയ്തു. ആദ്യം വില കൊടുത്തു വാങ്ങുകയായിരുന്നെങ്കിൽ പിന്നെ പതിയെ ഭൂമി കയ്യേറലായി.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ച ശേഷം (1947ൽ) ഐക്യരാഷ്ട്രസഭ ഫലസ്തീൻ നാടിനെ അറബികൾക്കും യഹൂദികൾക്കുമായി രണ്ടാക്കി വിഭജിച്ചു. 1948 മെയ് മാസത്തിൽ യഹൂദികളുടെ ഭാഗത്തിൽ ഇസ്റാഈൽ രാഷ്ട്രം സ്ഥാപിതവുമായി. ലോകത്തിൽ അവിടവിടെയായി ചിന്നിച്ചിതറിയും പലേടങ്ങളിലും-വിശേഷിച്ച് നാസികളുടെ കീഴിൽ മർദിതരായും-കഴിഞ്ഞുകൂടിയിരുന്ന യഹൂദികളെ ഒന്നിച്ച് കുടിയിരുത്തിക്കൊണ്ടായിരുന്നു അത്. സിയോണിസ്റ്റ് പ്രസ്ഥാനം യുറോപ്യൻ നാടുകളിൽ വരുത്തിയ സ്വാധീനവും നാസികൾക്കെതിരെ രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത അമേരിക്ക, ഇംഗ്ലണ്ട് മുതലായ വൻശക്തികളടങ്ങിയ സഖ്യകക്ഷികളുടെ സ്ഥാപിത താൽപര്യങ്ങളുമാണ് ഇതിന് കളമൊരുക്കിയത്. അതിന്റെ ജനയിതാക്കളായ വൻകോയ്മകൾ അതിനെ പാലൂട്ടി വളർത്തിക്കൊണ്ടിരുന്നു. ഇന്നും അവരുടെ സഹായവും അനുഭാവവും തന്നെയാണ് ഇസ്റാഈലിനെ നിലനിറുത്തുന്നത്. അറബിരാഷ്ട്രങ്ങളുമായി അനേകം സംഘട്ടനങ്ങൾ നടന്നു. ഇപ്പോഴും നടക്കുന്നു.

ഇസ്റാഈല്യരുടെ ചരിത്രം പരിശോധിച്ചാൽ, അവർ എന്നുതൊട്ട് അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഇരയായിത്തീർന്നുവോ അന്നുമുതൽ അവരിൽ നിന്ദ്യതയും പതിതത്വവും കുടിയേറുകയും ചെയ്തിട്ടുള്ളതായി വ്യക്തമാകും. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പും അതിനുശേഷം ഇന്നോളവും അവരിൽ പ്രകടമായി കാണാവുന്നതാണത്. പ്രവാചകനു മുമ്പ് ഇറാകിലെയും റോമിലെയും സാമ്രാജ്യശക്തികൾക്കടിമപ്പെട്ടും അവരുടെ മർദനമേറ്റും അവർക്ക് കപ്പം കൊടുത്തും ദീർഘകാലം കഴിയേണ്ടിവന്നു. ഇസ്‌ലാമിക ഭരണം നിലവിൽ വന്നപ്പോൾ അതിന്റെ കീഴിൽ കപ്പം കൊടുത്തും സമാധാന ഉടമ്പടികൾ ചെയ്തും ജീവിക്കേണ്ടിവന്നു. മുസ്‌ലിം ഭരണം ചിന്നിച്ചിതറിയ ശേഷവും പലേടങ്ങളിലും പല രാഷ്ട്രങ്ങളിലുമായി ഹീനരും പതിതരുമായിട്ടേ അവർക്ക് ജീവിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

ചുരുക്കിപ്പറഞ്ഞാൽ, മറ്റൊരു കൂട്ടരുടെ ഔദാര്യമോ സഹായമോ കൂടാതെ, സ്വന്തം നിലയ്ക്ക് മാന്യവും സ്വതന്ത്രവുമായ ഒരു സമുദായമായി നിലകൊള്ളുവാനോ സ്വന്തമായ ഭരണാധികാരം സ്ഥാപിക്കുവാനോ അവർക്ക് കഴിഞ്ഞിട്ടില്ല. മുക്കാൽ നൂറ്റാണ്ടു മുമ്പ് ഇസ്റാഈൽ എന്ന പേരിൽ ഫലസ്തീനിൽ ഒരു രാഷ്ട്രം യഹൂദികൾ സ്ഥാപിച്ചിട്ടുള്ളത് ശരിയാണ്. പക്ഷേ, അതിന്റെ ഉത്ഭവവും നിലനിൽപുമെല്ലാം തന്നെ അമേരിക്ക മുതലായ വൻകോയ്മകളുടെ കൈക്കാണുള്ളതെന്ന പരമാർഥം പരക്കെ അറിയപ്പെട്ടതാണ്.

ജൂതന്മാരുടെ കടന്നുവരവിനും അവരുടെ രാഷ്ട്രീയ സംസ്ഥാപനത്തിനുമെല്ലാം എതിരായിരുന്നു ഫലസ്തീനിലെ ജനത. മുസ്‌ലിംക

ളാണ് ഭൂരിപക്ഷമെങ്കിലും ക്രിസ്ത്യാനികളും ജൂതന്മാരും അടങ്ങുന്ന സമൂഹമാണ് അവിടെയുള്ളത്. സമാധാനത്തോടെ കഴിഞ്ഞിരുന്ന അവർക്കിടയിലേക്കാണ് ഇവർ കുടിയേറി വന്നത്.

പിന്നീട് ബ്രിട്ടനു തന്നെ നിയന്ത്രിക്കാൻ പറ്റാത്ത വിധത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയും പരിഹാരത്തിനു വേണ്ടി പല കമ്മീഷനുകളെ നിയമിക്കേണ്ടതായും വന്നു. യുഎൻ രൂപീകരണത്തിനു ശേഷം പ്രശ്നം യു എന്നിന്റെ മുന്നിൽ വന്നു. ഒരു ഒത്തുതീർപ്പ് സാധ്യമല്ലെന്ന് മനസ്സിലാക്കി ഫലസ്തീനികളുടെ രാജ്യം അവർക്കും അന്യായമായി ആ ദേശത്തെ മോഹിച്ചു വന്നവർക്കും ഇടയിൽ വിഭജിക്കപ്പെട്ടു. ജറൂസലേം കേന്ദ്രമായി ഒരു അന്താരാഷ്ട്ര ഏരിയ നിലനിറുത്തി ഫലസ്തീനെ ജൂതൻമാർക്കും അറബികൾക്കുമായി വെട്ടിമുറിച്ചു. അങ്ങനെ 1948 മെയ് 15ന് ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

57 ശതമാനം ഫലസ്തീനിന്റെ ഭാഗവും ഒരുനിലക്കും ആ മണ്ണിൽ അവകാശമില്ലാത്തവർ ജൂതന്മാർക്ക് വിഭജിച്ചു നൽകിയിട്ടും മതിവരാതെ, ഇസ്റാഈൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ട അന്നുമുതൽ; ആരോഗ്യമുള്ള ശരീരത്തിൽ ക്യാൻസർ പടരുന്നതുപോലെ ഫലസ്തീനികൾക്ക് നൽകപ്പെട്ട ഭാഗങ്ങളിലേക്ക് ജൂതരുടെ കടന്നുകയറ്റം നടന്നുകൊണ്ടിരുന്നു. യുഎൻ അംഗീകരിച്ച ഫലസ്തീൻ വിഭജന ഭൂപടം പരിശോധിച്ചാൽ ഇത് മനസ്സിലാകും.

അത്രയും ഭാഗങ്ങളിൽ ജീവിച്ചു കൊണ്ടിരിക്കുന്ന ലക്ഷകണക്കിന് ജനങ്ങളെയെല്ലാം അഭയാർത്ഥികളാക്കി കൊണ്ട് അവരുടെ വേദനകൾക്ക് നേരെ കണ്ണുകളടച്ചു കൊണ്ട് മുന്നേറി കൊണ്ടിരിക്കുകയാണ് ഈ നരാധമൻമാർ...

മിഡിൽ ഈസ്റ്റിൽ തങ്ങളുടെ താൽപര്യങ്ങൾക്ക് കുടപിടിക്കുന്ന ഒരു രാജ്യം ഉണ്ടാകണമെന്ന അമേരിക്ക പോലുള്ള രാജ്യങ്ങളുടെ താൽപര്യത്തിന്റെ പരിണിതിയാണിത്. ആയുധങ്ങൾ നൽകിയും മിലിറ്ററി സപ്പോർട്ട് കൊടുത്തും ശക്തിപ്പെടുത്തിയും അവരുടെ ഭീകരതാണ്ഡവത്തിനെതിരെ കണ്ണടച്ചും വൻശക്തികൾ മുന്നോട്ടു പോവുകയാണ്. അവർക്കെതിരിൽ സോഷ്യൽ മീഡിയകളിൽ പ്രതികരിക്കുന്നവരുടെ അക്കൗണ്ടുകൾ കമ്യൂണിറ്റി ഗൈഡ്ലൈനിന് എതിരാണെന്ന് പറഞ്ഞുകൊണ്ട് ഡിസേബിൾ ചെയ്യുന്ന അവസ്ഥയാണുള്ളത്.

അതോടൊപ്പം ജൂതനരനായാട്ടിനെതിരിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ ഉയരുന്നുണ്ട്. അമേരിക്കയുടെ നിലപാടുകൾക്കെതിരെ ആ രാജ്യത്തുതന്നെ പൊതുജനങ്ങൾ തെരുവിലിറങ്ങുന്നുണ്ട്. എന്നാൽ ഇസ്റാഈൽ എന്ന അതിഭീകര രാജ്യത്തെ നിലയ്ക്കു നിറുത്താൻ ആർക്കുമാകുന്നില്ല. പ്രസ്താവനകളിറക്കാനല്ലാതെ ആരും മുന്നോട്ടുവരുന്നില്ല. അയൽ രാജ്യങ്ങളെയും അക്രമിച്ച് മുഷ്ക്ക് കാട്ടുന്ന, അരലക്ഷത്തോളം ഫലസ്തീൻ മക്കളെ കൊന്നുതള്ളുകയും ആ രാജ്യത്തെ തന്നെ കോൺക്രീറ്റ് കൂമ്പാരമാക്കുകയും ചെയ്ത സിയോണിസ്റ്റ് രാജ്യത്തെ പാഠം പഠിപ്പിക്കാൻ ദൈവത്തിന്റെ ഇടപെടൽ തന്നെ വേണ്ടിവരും.

“അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് നീ വിചാരിച്ച് പോകരുത്. കണ്ണുകൾ തള്ളിപ്പോകുന്ന ഒരു (ഭയാനകമായ) ദിവസം വരെ അവർക്കു സമയം നീട്ടികൊടുക്കുക മാത്രമാണ് ചെയ്യുത്” (ഖുർആൻ 14:42).

ഇസ്റാഈൽ സന്ദർശന വേളയിൽ മോദിയും നെതന്യാഹുവും സംയുക്തമായി നടത്തിയ പത്രപ്രസ്താവനയിൽ പറഞ്ഞത് ‘ഇരു രാജ്യങ്ങളും ഒരേതരം ഭീകരവാദത്തിന്റെ ഇരകളായ രണ്ടു രാഷ്ട്രങ്ങളാണ്’ എന്നാണ്. പശ്ചിമേഷ്യയിൽ അറബ് മുസ്‌ലിം ജനതയെ മൃഗീയമായി കൊന്നൊടുക്കുകയും മുസ്‌ലിം രാജ്യങ്ങളിലെല്ലാം ഉപജാപങ്ങളിലൂടെ കലാപങ്ങളും സംഘർഷങ്ങളും രൂപീകരിക്കുകയും ചെയ്യുന്ന ഭീകര രാഷ്ട്രമായ ഇസ്റാഈൽ ‘ഭീകരവാദികൾ’ എന്നു വിളിക്കുന്നത് സ്വന്തം മണ്ണും കിടപ്പാടവും നഷ്ടപ്പെട്ട ഹതാശയരായ ഫലസ്തീനികളെയാണെന്നത് ഓർക്കുക.

തങ്ങളുടെ വീടുകളുടെ ചാവിയും മുറുകെ പിടിച്ചുകൊണ്ട് അവ തകർക്കപ്പെട്ടുവോ ഇല്ലയോ എന്നറിയാതെ, എന്നെങ്കിലും വീടണയാൻ കഴിയുമെന്ന് സ്വപ്നം കണ്ട് അഭയാർഥികളായി ജീവിക്കുന്ന വരെ നമുക്ക് മറക്കാതിരിക്കാം. പടച്ചവനിലേക്ക് കൈകൾ ഉയർത്തുമ്പോൾ അവർക്ക് വേണ്ടിയും ചോദിച്ചിട്ടല്ലാതെ കൈകൾ താഴ്ത്താതിരിക്കുക. ■

മുസ സ്വലാഹി കാര
: 97473 45768



മുസ്‌ലിംകൾക്കിടയിൽ പലവിധ കാരണങ്ങളാൽ മതാശയങ്ങളോടുള്ള നിലപാടുകളും പ്രമാണങ്ങളോടുള്ള സമീപനങ്ങളും വ്യത്യസ്ത വീക്ഷണങ്ങളിലേക്ക് ഗതിമാറ്റപ്പെട്ടത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ഗതകാല ചരിത്രം പരതിയാൽ ആദർശ സംരക്ഷണത്തിനുവേണ്ടി പണ്ഡിതന്മാർ നടത്തിയ സത്യസന്ധവും ധീരോദാത്തവുമായ മുന്നേറ്റങ്ങൾ കാണാനാകും. അടിസ്ഥാന വിഷയമായ തൗഹീദിന് ഭംഗം ഭവിക്കുന്ന ഒരു വിചാരത്തിലേക്കും അവരാരും ചാഞ്ഞിട്ടില്ല.

# ആദർശം; പുതിയ വ്യാഖ്യാനവും പഴയ നിലപാടുകളും

ഇസ്‌ലാമിന്റെ കരുത്തുറ്റതും കളങ്കപ്പെടാത്തതുമായ ആദർശത്തെ നെഞ്ചേറ്റിയവർക്ക് മാത്രമെ അതിന്റെ യഥാർഥ പ്രചാരകരും സേവകരുമാകാനുള്ള സൗഭാഗ്യം സിദ്ധിക്കുകയുള്ളൂ. മുസ്‌ലിംകൾക്കിടയിൽ പലവിധ കാരണങ്ങളാൽ മതാശയങ്ങളോടുള്ള നിലപാടുകളും പ്രമാണങ്ങളോടുള്ള സമീപനങ്ങളും വ്യത്യസ്ത വീക്ഷണങ്ങളിലേക്ക് ഗതിമാറ്റപ്പെട്ടത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ഗതകാല ചരിത്രം പരതിയാൽ ആദർശ സംരക്ഷണത്തിനുവേണ്ടി പണ്ഡിതന്മാർ നടത്തിയ സത്യസന്ധവും ധീരോദാത്തവുമായ മുന്നേറ്റങ്ങൾ കാണാനാകും. അടിസ്ഥാന വിഷയമായ തൗഹീദിന് ഭംഗം ഭവിക്കുന്ന ഒരു വിചാരത്തിലേക്കും അവരാരും ചാഞ്ഞിട്ടില്ല.

സിഹ്‌റിനെ പേടിച്ച് ജീവിക്കുക, അത് പഠിക്കുക, പഠിപ്പിക്കുക, ചെയ്യുക, ചെയ്യിക്കുക... ഇതെല്ലാം ശിർക്കും കുഫ്‌റും വൻപാപവുമാണ്. കണ്ണേറിനെ ഭയന്ന് പല കോലങ്ങൾ കെട്ടിത്തൂക്കുന്നവരും തെറ്റായ ക്രിയകൾ നടത്തുന്നവരും സമൂഹത്തിലുണ്ട്. എല്ലാം പൈശാചികതയായതിനാൽ മന്ത്രവാദ കേന്ദ്രങ്ങളിൽ ജനങ്ങൾ ആകൃഷ്ടരാവുകയും ശിർക്കിൽ ആപതിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ

> അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശധാരയോട് കൂറും വിധേയത്വവുമില്ലാതെ 2000ത്തിൽ ഇസ്‌ലാഹി പ്രസ്ഥാനത്തെ വിട്ടുപോയ മർക്കസുദ്ദഅ്‌വക്കാർ തൗഹീദിന്റെ നിർവചനത്തെ മാറ്റിയും അതിന്റെ പ്രബോധനത്തിന് പ്രാധാന്യം കൽപിക്കാതെയും പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും നിഷേധിച്ചും മുന്നോട്ടു പോവുകയാണ്. അല്ലാഹുവിന്റെ സൃഷ്ടികളായ മലക്കുകളും ജിന്നുകളും അഭൗതിക ശക്തികളാണെന്ന് ജൽപിക്കുക വഴി അവയെല്ലാം കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരുമായി ഇടപെടുമെന്ന തെളിവുകൾക്ക് മുമ്പിൽ കുടുങ്ങിയപ്പോൾ അതെല്ലാം തള്ളാൻ അവർ നിർബന്ധിതരായി. അവസാനം ശക്തമായ നിഷേധവും വഹ്‌യിനെ വെല്ലുവിളിക്കലും വ്യാപകമാക്കി.

തീരുമാനമുണ്ടെങ്കിൽ പരീക്ഷണമായി കണ്ണേറും മാരണവും ഫലിക്കുമെന്നും അതിനുള്ള പരിഹാരം ഇസ്‌ലാം പഠിപ്പിച്ച മന്ത്രങ്ങളാണെന്നും ഒരു നൂറ്റാണ്ട് കാലമായി വിശ്വാസികൾ പഠിപ്പിക്കപ്പെട്ടതും ഉൾക്കൊണ്ട് പോന്നതുമായ കാര്യമാണ്. എന്നാൽ ഇതിനെയെല്ലാം പാടെ നിഷേധിക്കുകയും അതെല്ലാം അന്ധവിശ്വാസങ്ങളും പുത്തൻവാദങ്ങളുമാണെന്ന് പറഞ്ഞ് പരിഹസിക്കുകയും ചെയ്യുന്നവർ എക്കാലത്തുമുണ്ടായിട്ടുണ്ട്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശധാരയോട് കൂറും വിധേയത്വവുമില്ലാതെ 2000ത്തിൽ ഇസ്‌ലാഹി പ്രസ്ഥാനത്തെ വിട്ടുപോയ മർക്കസുദ്ദഅ്‌വക്കാർ തൗഹീദിന്റെ നിർവചനത്തെ മാറ്റിയും അതിന്റെ പ്രബോധനത്തിന് പ്രാധാന്യം കൽപിക്കാതെയും പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും നിഷേധിച്ചും മുന്നോട്ടു പോവുകയാണ്. അല്ലാഹുവിന്റെ സൃഷ്ടികളായ മലക്കുകളും ജിന്നുകളും അഭൗതിക ശക്തികളാണെന്ന് ജൽപിക്കുക വഴി അവയെല്ലാം കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരുമായി ഇടപെടുമെന്ന തെളിവുകൾക്ക് മുമ്പിൽ കുടുങ്ങിയപ്പോൾ അതെല്ലാം തള്ളാൻ അവർ നിർബന്ധിതരായി. അവസാനം ശക്തമായ നിഷേധവും വഹ്‌യിനെ വെല്ലുവിളിക്കലും വ്യാപകമാക്കി. ഇത്തരം പിഴച്ച ചിന്തകൾക്ക് പ്രമാണങ്ങളെ തന്നെ കൂട്ടു പിടിക്കുന്നു എന്നതും കെ.എം മൗലവി, എം.സി.സി മൗലവിമാർ, അമാനി മൗലവി, ഉമർ മൗലവി എന്നിവരെ കുറ്റത്തിന് കരുവാക്കുന്നു എന്നതും വളരെ വലിയ അപരാധമാണ്! ഇവരുടെയെല്ലാം ഫോട്ടോകൾ ശബാബിന്റെ പ്രചാരണത്തിനായി ഉപയോഗിച്ച് അനുയായികളെ കബളിപ്പിക്കുന്ന മർക്കസുദ്ദഅ്‌വയുടെ നേതൃത്വത്തിന് അവർ കാത്തുസൂക്ഷിച്ച ആദർശത്തോട് വല്ല പ്രതിബദ്ധതയുമുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം.

### സിഹ്‌റിന് യാഥാർഥ്യമില്ലേന്നോ?

പിശാചിനെ സേവിച്ചും പൂജിച്ചും നടത്തപ്പെടുന്ന ഈ കാര്യത്തെപ്പറ്റി അല്ലാഹു പറയുന്നു: “അങ്ങനെ അവരിൽനിന്ന് ആളുകൾ ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്കു തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചുകൊണ്ടിരുന്നത്. അത് (ആ വിദ്യ) ആർ വാങ്ങി(കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്”(2:102).

മർക്കസുദ്ദഅ്‌വയുടെ നിഷേധരീതി കാണുക:

“യാഥാർഥ്യമില്ലാത്ത, വളരെ പഴക്കം ചെന്ന ഒരു തട്ടിപ്പാണ് സിഹ്ർ. അതിന്റെ ഭാഷാർഥം കണ്ണു കെട്ടുക എന്നാണ്. സിഹ്‌റിന്റെ നിർവചനത്തിൽനിന്നു തന്നെ അത് യാഥാർഥ്യമില്ലാത്ത തട്ടിപ്പാണെന്നു മനസ്സിലാക്കാം” (അത്തൗഹീദ്, ജനുവരി-ഫെബ്രുവരി 2014, പേജ് 42).

കേരള ജംഇയ്യത്തിൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ പ്രഥമ പ്രസിഡന്റ് കെ.എം മൗലവി(റഹി)യുടെ വിശ്വാസം കാണുക: “നാലാം ചോദ്യത്തിന്റെ ഉത്തരം: ഭാര്യാഭർത്താക്കന്മാരെ തമ്മിൽ ഭിന്നിപ്പിച്ച് അന്യോന്യം വിരോധികളാക്കിത്തീർക്കുക എന്നത് സിഹ്‌റിന്റെ (ആഭിചാരത്തിന്റെ) ഫലത്തിൽ പെട്ടതാകുന്നു” (കെ.എം മൗലവിയുടെ ഫത്‌വകൾ, പേജ് 19).

കേരള ജംഇയ്യത്തുൽ ഉലമയുടെ സെക്രട്ടറിയായിരുന്ന എം.സി.സി അബ്ദുറഹ്മാൻ മൗലവിയുടെ വാക്കുകൾ കാണുക: “ഇതുപ്രകാരം തന്നെ സിഹ്ർ ആഭിജാത്യം കൊണ്ടും രോഗശമനം ഉണ്ടാകുന്നതായി അനുഭവം തെളിയിച്ചിട്ടുണ്ടെങ്കിലും അതിൽ അല്ലാഹുവല്ലാത്തവരുടെ-പിശാച്, നക്ഷത്രം, മലക്കു മുതലായവയുടെ-സേവ, അവയെകൊണ്ടു സഹായം തേടൽ, മുതലായ ഉള്ളതുകൊണ്ട് അത് പാടില്ലെന്നും അതു കുഫ്‌റാണെന്നും ഇസ്‌ലാം കൽപി

ച്ചിരിക്കുന്നു.''

“സിഹ്റിന്റെ മൂന്നാമത്തെ വകുപ്പ് പിശാചുക്കളോടുള്ള ഒരു തരം സേവ സമ്പാദിക്കുന്നതുകൊണ്ടു അവരുടെ സഹായത്താൽ ഉണ്ടായിത്തീരുന്നതാണ് എന്നാകുന്നു'' (1950ലെ പരപ്പനങ്ങാടി വാദപ്രതിവാദം, പേജ് 47,50). സൂറത്തുൽ ബക്വറയിലെ 102ാം വചനത്തെയും ഇമാം നവവി(റഹി), ഇബ്നു ഹജർ അസ്ക്വലാനി (റഹി) എന്നിവർ പറഞ്ഞതിനെയും അടിസ്ഥാനപ്പെടുത്തിയാണ് മൗലവി ഇത് വിശദീകരിച്ചത്.

എ.അലവി മൗലവി(റഹി), പി.കെ മൂസ മൗലവി(റഹി), മുഹമ്മദ് അമാനി മൗലവി(റഹി) എന്നിവരെ കെ.എം മൗലവി ചുമതലപ്പെടുത്തിയത് പ്രകാരം അവർ പൂർത്തിയാക്കുകയും കെ.പി മുഹമ്മദ് മൗലവി വായിച്ചു കേൾക്കുകയും ചെയ്ത തഫ്സീറിൽ മേൽ ആയത്തിന്റെ വിവരണത്തിൽ സിഹ്റിന് ഫലമുണ്ടെന്നതിനെ സംബന്ധിച്ച് വന്നത് വായിക്കാം:

“ഗൂഢവും അദൃശ്യവുമായ മാർഗത്തിലൂടെ ആപത്തുകളിൽനിന്ന് രക്ഷനേടുക, ശത്രുക്കൾക്കും മറ്റും ആപത്ത് വരുത്തുക, മറഞ്ഞ കാര്യങ്ങൾ അറിയുക, വൻകാര്യങ്ങൾ സാധിക്കുക, ആളുകളെ തമ്മിൽ ഇണക്കുകയോ പിണക്കുകയോ ചെയ്യുക, മരണപ്പെട്ടവരുടെ ആത്മാക്കളുമായി ബന്ധപ്പെടുക, അത്ഭുത കാര്യങ്ങൾ കാണിക്കുക മുതലായവയാണ് സിഹ്റിന്റെ ലക്ഷണങ്ങൾ. മിക്കവാറും ഇനങ്ങൾ യാഥാർത്ഥ്യമില്ലാത്തതും തനി പകിട്ടും മായയുമായിരിക്കും. ചിലതാകട്ടെ, മാനസികമായ ചില മാറ്റങ്ങൾ ഉണ്ടാക്കുന്നതും അതുവഴി ചില അനുഭവങ്ങൾ പ്രകടമാകുന്നതുമായിരിക്കും'' (വാല്യം 1, പേജ് 331).

സിഹ്റിന്റെ യാഥാർഥ്യത്തെ നിഷേധിക്കുന്നവർ ഉന്നയിക്കുന്ന പ്രധാന ന്യായീകരണത്തെ പൊളിച്ചു കൊണ്ട് സൂറത്തുൽ ഇസ്റാഅ് 47ാം വചനം വിശദീകരിക്കവെ ഉമർ മൗലവി(റഹി) എഴുതിയത് കാണുക:

“ഇവിടെ ഒരു കാര്യം ഉണർത്തേണ്ടി വന്നിരിക്കുന്നു. സ്വഹീഹുൽ ബുഖാരിയിൽ കള്ള ഹദീസ് അകപ്പെട്ടിട്ടുണ്ടെന്ന് സ്ഥാപിക്കാൻ താൽപര്യമുള്ള ചില ആളുകളുണ്ട്. പരിശുദ്ധ ഖുർആനിനെതിരായ ഹദീസ് കളവായിരിക്കാനേ നിവൃത്തിയുള്ളൂ. ഈ തത്ത്വത്തിൽ അഭിപ്രായ വ്യത്യാസമില്ല.

ഒരു യഹൂദി നബി(സ)ക്ക് മാരണം ചെയ്തു എന്ന് ഒരു ഹദീസ് ബുഖാരിയിലുണ്ട്. ഈ ആയത്തിൽ നബി(സ)ക്ക് സിഹ്ർ ഏൽക്കാൻ പാടില്ലെന്ന് വ്യക്തമായിട്ടുണ്ടെന്ന് അവർ പറഞ്ഞു. അപ്പോൾ ആ ഹദീസ് കളവാണെന്ന് പറയാൻ സൗകര്യപ്പെട്ടല്ലോ. അങ്ങനെ സ്വഹീഹുൽ ബുഖാരിക്ക് മുസ്‌ലിം സമുദായത്തിലുള്ള അംഗീകാരം തെറ്റാണെന്ന് വന്നല്ലോ. ഇതാണീ ദുർബുദ്ധികളുടെ ഉന്നം. യഥാർത്ഥത്തിൽ ഇവിടത്തെ വിഷയം സിഹ്ർ ബാധിച്ച ഒരു മനുഷ്യൻ ബുദ്ധിശൂന്യമായി എന്തൊക്കെയോ പറയുന്നത് അന്ധമായി സ്വീകരിച്ചവരാണ് നബിയുടെ അനുയായികൾ എന്ന് അക്രമികൾ ജൽപിച്ചു. അങ്ങനെയൊന്ന് ഉണ്ടായിട്ടില്ലെന്നുള്ളത് പച്ചപ്പരമാർത്ഥമാണ്. എന്നാൽ ഒരു മഹാദുഷ്ടൻ സിഹ്റ് ചെയ്തു, അല്ലാഹു അത് നിഷ്ഫലമാക്കി എന്നാണ് ഹദീസിലുള്ളത്. ഇത് തമ്മിലെന്താണ് പൊരുത്തക്കേട്? യാതൊന്നുമില്ല. സിഹ്റ് ബാധിച്ചിട്ട് ബുദ്ധിശൂന്യമായി പറയുന്നത് ആളുകൾ പിൻപറ്റി എന്ന് വന്നാൽ മാത്രമേ ദോഷമുള്ളൂ. അങ്ങനെ ഹദീസിലില്ല. ഒരു ദുഷ്ടനായ യഹൂദി സിഹ്റ് ചെയ്തു എന്നും അല്ലാഹു അത് നിഷ്ഫലമാക്കുകയും ചെയ്തു എന്നുമാണ് ഹദീസിലുള്ളത്. അത് ഖുർആനിലെ ഈ വചനത്തിനെതിരാകുന്നില്ല. ആ ഒരൊറ്റ പദമെടുത്തിട്ട് ഈ ഹദീസ് ഖുർആനിനെതിരാണെന്ന് വാദിക്കുന്നത് ശരിയല്ല. അങ്ങനെ വാദിക്കാമെന്ന് വരുന്ന പക്ഷം പുരുഷൻ എന്ന പദത്തേയും കണക്കിലെടുക്കേണ്ടിവരും. നബി(സ) പുരുഷനാണെന്നുറപ്പാണല്ലോ. അപ്പോൾ അത് ഖുർആനിനെതിരാകുമോ? സ്വഹീഹുൽ ബുഖാരിയിൽ കള്ളഹദീസുണ്ടെന്ന് ജൽപിക്കാനുദ്ദേശിക്കുന്നവർ വേറെ വഴി നോക്കേണ്ടിവരും! ഇവിടെ ഈ ആയത്തും ഹദീസും തമ്മിൽ യാതൊരു വൈരുധ്യവുമില്ല'' (തർജുമാനുൽ ഖുർആൻ, വാല്യം 2, പേജ് 995).

സൂറ ഫുർക്വാൻ 8ാം വചനത്തിലും മൗലവി ഇത് തന്നെ ആവർത്തിച്ചിട്ടുണ്ട്. വിശ്വാസത്തിൽ ഉറച്ചവർക്ക് തിരിയും വിധം പ്രമാണങ്ങൾ വെച്ച് പണ്ഡിതന്മാർ ഇപ്രകാരം പറഞ്ഞിട്ടും ഇവരുടെ അടങ്ങാത്ത ധാർഷ്ട്യവും ധിക്കാരവും കാണുക:

“അല്ലാഹുവിനെയും അവന്റെ ഗ്രന്ഥത്തെയും നിസ്സാരപ്പെടുത്തുന്നവർക്കു മാത്രമെ സിഹ്റെന്ന തട്ടിപ്പിനെയും വഞ്ചനയെയും വെള്ളപൂശി ന്യായീകരിക്കാൻ കഴിയൂ. നബി(സ)ക്ക് സിഹ്റ് ബാധിച്ചു എന്നത് ഇസ്റാഅ് സൂറത്ത് 101, ഫുർഖാൻ 8,9 ശുഅ്റാ 153,185 എന്നീ വചനങ്ങൾക്കും എതിരാണ്'' (അത്തൗഹീദ്, പേജ് 46).

മുകളിൽ പറഞ്ഞ ഇസ്‌ലാഹി പണ്ഡിതൻമാർക്കും അഹ്ലുസ്സുന്നയുടെ മുൻകാല പണ്ഡിതന്മാർക്കുമൊന്നും ഈ ആയത്തുകളുടെ ആശയം മനസ്സിലായില്ല, മർകസുദ്ദഅ്‌വക്കാർക്കാണ് അത് മനസ്സിലായത് എന്നാണല്ലോ ഇപ്പറഞ്ഞതിന്റെ താൽപര്യം!

*(അവസാനിച്ചില്ല)*

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം 32
നൽകിയ നവോത്ഥാന നായകൻ

# തൂലിക പടവാളാക്കിയ പരിഷ്കർത്താവ് 02

തുഹ്ഫത്തുൽ മുജാഹിദീൻ മാപ്പിള മലയാളികൾക്ക് പരിചയപ്പെടുത്തിയ ആദ്യത്തെ എഴുത്തുകാരനാണ് ഇ.കെ മൗലവി. എന്നാൽ തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം കേരളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചത് തിരൂരങ്ങാടി സ്വദേശിയായിരുന്ന കെ. മൂസാൻകുട്ടി മൗലവി ('മലബാർ ലഹള' എന്ന കൃതി എഴുതിയ കെ.കോയട്ടി മൗലവിയുടെ സഹോദരൻ) ആണെന്നും അത് 1936ൽ ആണെന്നുമാണ് പല ചരിത്രകാരൻമാരും പ്രസ്താവിക്കുന്നത്. എന്നാൽ അതിന് എട്ടുവർഷം മുമ്പേ ഈ അമൂല്യ ചരിത്രഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി ഇ.കെ.മൗലവി അൽഇസ്വ്‌ലാഹിൽ എഴുതിയിട്ടുണ്ട് എന്ന യാഥാർഥ്യം ആരും അറിയാതെ പോയി.

### അൽഇസ്വ്‌ലാഹ്

അൽഇർഷാദിന്റെ പ്രസിദ്ധീകരണം നിലച്ചതിന് ശേഷം കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിലെ ഏറിയാടുനിന്ന് പ്രസിദ്ധീകരിക്കപ്പെട്ട അറബി മലയാള വാരികയാണ് 'അൽഇസ്വ്‌ലാഹ്.' അൽഇസ്വ്‌ലാഹ് അര വർഷം വാരികയായും പിന്നീട് മാസികയായും പുറത്തിറങ്ങി. അൽഇസ്വ്‌ലാഹ് വാരികയുടെ നടത്തിപ്പുകാരിൽ ഒരാളായി ഇ.കെ.മൗലവി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഒട്ടേറെ കനപ്പെട്ട ലേഖനങ്ങൾ അതിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുസ്‌ലിം ലോകവാർത്തകളും ഇസ്‌ലാമിക വാർത്തകളും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഓരോ ലക്കവും പുറത്തിറങ്ങിയത്. കെ.എം മൗലവിയുടെ ഫത്‌വകളും അൽഇസ്‌ലാഹിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും പണ്ഡിതനുമായിരുന്ന ഇ.മൊയ്തു മൗലവിയായിരുന്നു ഇതിന്റെ പത്രാധിപർ. 1925 ഒക്ടോബറിൽ പ്രസിദ്ധീകരണമാരംഭിച്ച അൽഇസ്വ്‌ലാഹ് 1928വരെ നിലനിന്നു. അൽ ഇർ



ഷാദിനെ പോലെത്തന്നെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അൽഇസ്‌ലാഹ് വാരികയും മികച്ച പങ്കാണ് വഹിച്ചത്. എറിയാട്ടെ മുഹ്‌യിദ്ദീൻ ലിത്തോ പ്രസ്സിൽനിന്നു തന്നെയാണ് അൽഇസ്‌ലാഹും പ്രസിദ്ധീകരിച്ചത്.

അൽഇസ്‌ലാഹ് മാസികയിൽ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ എഴുതിയ വിശ്വപ്രസിദ്ധമായ ‘തുഹ്ഫത്തുൽ മുജാഹിദീനി’ലെ ചരിത്രത്തെ അവലംബിച്ചുകൊണ്ട് ‘കേരള മുസ്‌ലിം ചരിത്രം’ എന്ന പേരിൽ അറബിമലയാള ലിപിയിൽ ഒരു ലേഖന പരമ്പര 1928ൽ ഇ.കെ മൗലവി എഴുതിയിരുന്നു. തുഹ്ഫത്തുൽ മുജാഹിദീൻ മാപ്പിള മലയാളികൾക്ക് പരിചയപ്പെടുത്തിയ ആദ്യത്തെ എഴുത്തുകാരനാണ് ഇ.കെ മൗലവി. എന്നാൽ തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം കേരളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചത് തിരൂരങ്ങാടി സ്വദേശിയായിരുന്ന കെ. മൂസാൻകുട്ടി മൗലവി (‘മലബാർ ലഹള’ എന്ന കൃതി എഴുതിയ കെ.കോയട്ടി മൗലവിയുടെ സഹോദരൻ) ആണെന്നും അത് 1936ൽ ആണെന്നുമാണ് പല ചരിത്രകാരൻമാരും പ്രസ്താവിക്കുന്നത്. എന്നാൽ അതിന് എട്ടുവർഷം മുമ്പേ ഈ അമൂല്യ ചരിത്രഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി ഇ.കെ.മൗലവി അൽഇസ്‌ലാഹിൽ എഴുതിയിട്ടുണ്ട് എന്ന യാഥാർഥ്യം ആരും അറിയാതെ പോയി. തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ട് ഇ.കെ. മൗലവിയുടെതായ ഇത്തരം ഒരു ഉദ്യമം നടന്നതായി ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്താതെ പോയത് നിർഭാഗ്യകരമാണ്. അൽഇസ്‌ലാഹിന്റെ പഴയ പ്രതികൾ ലഭ്യമാവാതിരുന്നതായിരിക്കാം ഇങ്ങനെ ഒരു നിഗമനത്തിലെത്താൻ ചരിത്രകാരൻമാരെ പ്രേരിപ്പിച്ചത് എന്ന് കരുതാം.

തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ട് കേരള മുസ്‌ലിം ചരിത്രം എഴുതാനുണ്ടായ കാരണം എന്താണെന്ന് ലേഖന പരമ്പരയുടെ ആമുഖമായി ഇ.കെ.മൗലവി സാഹിബ് എഴുതുന്നത് ഇങ്ങനെയാണ്:

“കേരള മുസ്‌ലിമീങ്ങൾ ഏതു കാലം മുതൽ പ്രവേശിച്ചുവെന്നും കേരളത്തിൽ ഇസ്‌ലാം മതം എങ്ങനെ വ്യാപിച്ചുവെന്നും നമ്മളിൽ


THSAL_ISLAH
R..NOM 2422 C.83

തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ട് ഇ.കെ.മൗലവി എഴുതിയ കേരള മുസ്‌ലിം ചരിത്രം പ്രസിദ്ധീകരിച്ച അൽഇസ്‌ലാഹ് വാരിക, 1926.

അധികം ആളുകൾക്കും നിശ്ചയമില്ല. ചേരമാൻ പെരുമാൾ മക്കത്ത് പോയി തൊപ്പിയിട്ടു വന്ന് ഇവിടെ ഇസ്‌ലാം ദീൻ പരത്തിയതാണ് എന്നുള്ള ഒരു പഴങ്കഥ മാത്രമാണ് ഇന്ന് കേരള മുസ്‌ലിമീങ്ങളുടെ ഇടയിൽ പൊതുവേ അറിയപ്പെടുന്നത്. ഇത് എത്രകണ്ടു വിശ്വാസയോഗ്യമാണെന്ന് ആരും ചിന്തിക്കാറില്ല. എന്നാൽ, കേരളത്തിൽ മുസ്‌ലിംകൾ വന്നത് എങ്ങനെയെന്നും ഏതു കാലം മുതലാണെന്നും അനന്തര സംഭവങ്ങൾ എന്താണെന്നും ചുരുക്കത്തിൽ ഈ ലേഖനത്തിൽ വിവരിക്കപ്പെടുന്നതാണ്.

ഇതിലെ പ്രതിപാദ്യ വിഷയങ്ങൾ 'ഫത്ഹുൽ മുഈനി'ന്റെ മുസ്വന്നിഫായ പൊന്നാനി സൈനുദ്ദീൻ മഖ്ദൂം അവർകളുടെ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന കിതാബിൽനിന്നും എടുക്കപ്പെട്ടതാണ്. ഞങ്ങൾ പൊന്നാനി മഖ്ദൂമുമാരെ തുടർന്നാണ് ജീവിക്കുന്നതെന്ന് വാദിക്കുന്ന മുസ്‌ലിയാക്കൾ ചില സംഗതികൾ ചിന്തിക്കേണ്ടതുണ്ട്. ആ മഖ്ദൂമീങ്ങൾ ലോക ചരിത്രത്തെപ്പറ്റി അന്വേഷിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ആ മഹാന്മാരെ തുടരുന്നവരെന്ന് അഭിമാനിക്കുന്ന ഇന്നത്തെ മുസ്‌ലിയാക്കളിൽ അധികം പേരും ലോകത്തെപ്പറ്റി യാതൊന്നും അറിയുന്നില്ല. തുഹ്ഫത്തുൽ മുജാഹിദീൻ പല ഭാഷകളിലും തർജമ ചെയ്യപ്പെട്ടിട്ട് കാലം എത്രയോ കഴിഞ്ഞു. നമ്മുടെ മുസ്‌ലിയാക്കളിൽ പലരും മഖ്ദൂം തങ്ങൾ ഇങ്ങനെ ഒരു കിതാബ് എഴുതിയ വിവരം തന്നെ അറിഞ്ഞിട്ടില്ല" (പേജ് 7-8).



*തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ചുകൊണ്ട് അൽഇസ്‌ലാഹ് (1926) അറബി മലയാളം വാരികയിൽ ഇ.കെ.മൗലവി എഴുതിയ 'കേരള മുസ്‌ലിം ചരിത്രം.'*

തുടർന്ന് 'മുസ്‌ലിമീങ്ങളുടെ ആഗമനം' എന്ന തലവാചകത്തിൽ കേരളത്തിലെ ഇസ്‌ലാമിന്റെ പ്രചാരണ ചരിത്രം പ്രതിപാദിക്കുന്നു. തുടർന്നു വന്ന ഓരോ ലക്കത്തിലും തുഹ്ഫത്തുൽ മുജാഹിദീൻ അവലംബിച്ച് അദ്ദേഹം എഴുതിയതായി അൽഇസ്‌ലാഹിന്റെ ലഭ്യമായ ഏതാനും ലക്കങ്ങളിൽനിന്നു മനസ്സിലാകുന്നു. അക്കാലഘട്ടത്തിൽ നിലവിലുള്ള അറബിമലയാള കൃതികളിലെ ഭാഷയെക്കാൾ മികച്ചതും ലളിതവുമായ ഭാഷാശൈലിയിലാണ് ഇ.കെ.മൗലവി സാഹിബ് എഴുതിയിട്ടുള്ളത്. ലളിതവും സുന്ദരവുമായ ശൈലിയിൽ വിഷയങ്ങൾ അവതരിപ്പിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ പാടവം അദ്ദേഹത്തിന്റെ കൃതികളിൽ മുഴുക്കെ കാണാവുന്നതാണ്. യൂറോപ്യന്മാരുടെ ആഗമനം എന്ന തലക്കെട്ടിൽ (അൽഇസ്‌ലാഹ്, പുസ്തകം 2, ലക്കം 8) ഇ.കെ. മൗലവി സാഹിബ് എഴുതുന്നത് കാണുക:

"യൂറോപ്യന്മാർ ആദ്യം കേരളത്തിൽ പ്രവേശിച്ചത് ഹിജ്റ 904ലായിരുന്നു. മൂന്ന് കപ്പലിൽ ആളുകൾ പന്തലായനിയിൽ എത്തിച്ചേർന്നു. അവർ അവിടെ ഇറങ്ങി. കര വഴി കോഴിക്കോട്ട് വന്നു. കേരളത്തിന്റെ സ്ഥിതിയെക്കുറിച്ച് ആലോചിച്ചുകൊണ്ട് കുറേദിവസം അവിടെ താമസിച്ചു. ഇവരുടെ പ്രധാന ജോലി കുരുമുളക് ശേഖരിക്കലായിരുന്നു. ഉൾപ്രദേശങ്ങളിൽ നിന്ന് കച്ചവടം ചെയ്തു കൊണ്ടുവരുന്നവരിൽ നിന്നായിരുന്നു ഇവർ കുരുമുളക് വാങ്ങിയിരുന്നത്. കുറച്ചു വർഷങ്ങൾക്കു ശേഷം ആറു കപ്പലുകൾ കൂടി വന്നെത്തി. അവയിൽ ഉണ്ടായിരുന്നവരും അവിടെ ഇറങ്ങി"(പേജ് 12,13).

### മുസ്‌ലിം ഐക്യം

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ ആദർശ പ്രചാരണത്തിനായി കൊടുങ്ങല്ലൂരിൽനിന്നു മലയാളത്തിൽ പുറത്തിറങ്ങിയ മാസികയായിരുന്നു 'മുസ്‌ലിം ഐക്യം.' ഈ മാസികയുടെ പ്രധാന പ്രവർത്തകനായിരുന്നു ഇ.കെ.മൗലവി. ഒരു നല്ല സാഹിത്യകാരനായിരുന്ന പതിയാശ്ശേരി അഹ്മദുണ്ണിയായിരുന്നു പത്രാധിപർ. ഇ.കെ. മൗലവിക്കു പുറമെ കെ.എം.സീതി സ്വാഹിബ്, മണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജി തുടങ്ങിയവരുടെ ലേഖനങ്ങളും ഈ വാരിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുസ്‌ലിം ഐക്യം മാസികയുടെ പതിനാലു ലക്കങ്ങൾ മാത്രമെ പുറത്തിറങ്ങിയുള്ളൂ.

ഈ മാസികയിൽ ഒരിക്കൽ ഇ.കെ. മൗലവിയുടെ ഒരു ലേഖനത്തിൽ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ പറഞ്ഞതുപോലെ എന്നെഴുതിയതിനെതിരെ യാഥാസ്ഥിതികർ പ്രതിഷേധിക്കുകയും അതിനെതിരെ ഇ.കെ.മൗലവി രംഗത്തിറങ്ങുകയും ചെയ്ത സംഭവം നേരത്തെ വിശദീകരിച്ചത് ഓർക്കുന്നുണ്ടാവുമല്ലോ.

**ഐക്യം**

'മുസ്‌ലിം ഐക്യം' വാരിക നിലച്ചതിനുശേഷം കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ തന്നെ കെ.എം.സീതിസാഹിബ്, എ. മുഹമ്മദ് കണ്ണ്(വർക്കല) എന്നിവരുടെ പത്രാധിപത്യത്തിൽ എറണാകുളത്തുനിന്ന് രണ്ടുവർഷക്കാലം 'ഐക്യം' വാരിക പ്രശംസനീയ മാംവിധം പുറത്തിറങ്ങി. ഇതും മലയാളത്തിൽ തന്നെയായിരുന്നു. ഈ വാരികയിലും ഇ.കെ.മൗലവി ഒട്ടേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

**അൽമുർശിദ് അറബി മലയാള മാസിക**

കേരള ഇസ്‌ലാഹി പ്രസ്ഥാന ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ള പ്രസിദ്ധീകരണമാണ് കെ.എം.മൗലവിയുടെ പത്രാധിപത്യത്തിൽ തിരൂരങ്ങാടിയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'അൽമുർശിദ്' അറബി മലയാളം മാസിക. ഈ മാസികയുടെ നടത്തിപ്പിലെ പ്രധാന പങ്കാളിയായിരുന്നു ഇ.കെ.മൗലവി. ഇ.കെ.മൗലവിക്കു പുറമെ ജനാബ് ടി.കെ മൗലവി (പാനൂർ), പി.കെ. മൂസ മൗലവി, സി.എ മുഹമ്മദ് മൗലവി (തിരൂരങ്ങാടി) എം.സി.സി സഹോദരൻമാർ, വക്കം പി.മുഹമ്മദ് മൊയ്തീൻ സാഹിബ്, പി.വി അബ്ദുല്ലക്കുട്ടി മൗലവി, കെ.സി. കോമുക്കുട്ടി മൗലവി തുടങ്ങിയ പ്രഗത്ഭരെല്ലാം ഈ മാസികയിൽ എഴുതിയിരുന്നു. 1935ൽ പ്രസിദ്ധീകരണമാരംഭിച്ച അൽമുർശിദ് 1939 ഏപ്രിൽ ലക്കത്തോടുകൂടി 4 വർഷം പൂർത്തിയാക്കി രംഗത്തുനിന്ന് പിന്മാറി. 1949ൽ അൽമുർശിദ് പുനരാരംഭിച്ചുവെങ്കിലും ഒരുവർഷം പൂർത്തിയാക്കി നിലച്ചുപോയി.



*1936ൽ അൽമുർശിദ് മാസികയിൽ നബിദിനാഘോഷത്തെക്കുറിച്ച് ഇ.കെ.മൗലവി എഴുതിയ ലേഖനം.*

1936 ജൂണിൽ പുറത്തിറങ്ങിയ അൽമുർശിദ് മാസികയിൽ നബിദിനാഘോഷത്തെ അംഗീകരിച്ചുകൊണ്ട് ഇ.കെ.മൗലവി സാഹിബ് ലേഖനമെഴുതിയിട്ടുണ്ട് എന്ന് യാഥാസ്ഥിതിക പണ്ഡിതന്മാർ എടുത്ത് പറയാറുണ്ട്. ചില ഭാഗങ്ങൾ അടർത്തിയെടുത്തുകൊണ്ടാണ് യാഥാസ്ഥിതികർ അങ്ങനെ പ്രചരിപ്പിക്കുന്നത്. ലേഖനം പൂർണമായും വായിച്ചാൽ തിരിച്ചാണ് നമുക്ക് മനസ്സിലാകുക.

അൽമുർശിദ് അറബി മലയാള മാസികയിൽ(ഹി:1355) നിന്നും ചുവടെ കൊടുത്ത വരികളാണ് ഇതിനായി യാഥാസ്ഥിതികർ ഉദ്ധരിക്കാറുള്ളത്:

"മുസ്‌ലിം ലോകത്തെ ആകമാനം ആനന്ദസാഗരത്തിൽ ആറാടിക്കുന്ന റബീഉൽ അവ്വൽ മാസം ഇതാ ആഗതമായിരിക്കുന്നു. റബീഉൽ അവ്വൽ മാസത്തിന്റെ ആഗമനം ലോകത്തിന് അനുഗ്രഹമായി അവതീർണനായ മുഹമ്മദ്

മുസ്തഫ(സ) തങ്ങളുടെ ജനനത്തെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.”

ഈ വാക്കുകൾ ഉദ്ധരിച്ച് ഇ.കെ.മൗലവി നബിദിനാഘോഷത്തെ അനുകൂലിച്ചിരുന്നു എന്ന് പ്രചരി പ്പിക്കുകയാണ് യാഥാസ്ഥിതികർ ചെയ്യുന്നത്. ഈ വരികൾക്കു ശേഷം ഇ.കെ. മൗലവി എഴുതിയ ഭാഗം ബോധപൂർവം മറച്ചുവച്ചുകൊണ്ടാണ് യാഥാസ്ഥിതിക പണ്ഡിതന്മാർ ഇങ്ങനെ പ്രചരിപ്പിക്കുന്നത്. ആ ഭാഗം കൂടി വായിച്ചാൽ ഇന്ന് കാണുന്ന നബിദിനാഘോഷം യഥാർഥത്തിൽ നബിസ്നേഹമല്ല എന്ന് സമർഥിക്കുകയാണ് ഇ.കെ. മൗലവി ചെയ്തത് എന്നു മനസ്സിലാക്കാൻ കഴിയും. നബി (സ്വ) ജനിച്ചതിൽ നാമോരോരുത്തരും സന്തോഷിക്കേണ്ടതാണെന്ന് വിവരിക്കുകയും അദ്ദേഹം അറേബ്യൻ ജനതക്കിടയിൽ വരുത്തിയ പരിവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തതിനു ശേഷം ഇ.കെ. മൗലവി എഴുതിയ വരി കൾ എന്തെന്ന് നോക്കാം:

“എന്നാൽ ഈ മാസത്തെ നാം എങ്ങനെ കൊണ്ടാടണം, നബി(സ)യുടെ നേരെ നമുക്കുള്ള ബഹു മാനത്തെ എങ്ങനെ പ്രദർശിപ്പിക്കണം എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന് മുമ്പായി ഇന്ന് നാം റബീഉൽ അവ്വൽ മാസത്തെ എങ്ങനെ കൊണ്ടാടുന്നുവെന്നും നബിയോട് നമുക്കുള്ള ബഹുമാനത്തെ എങ്ങനെ പ്രദർശിപ്പിച്ചു വരുന്നുവെന്നും നമുക്ക് പരിശോധിക്കാം. റബീഉൽ അവ്വൽ മാസം വന്നാൽ വീട് തോറും മൗലിദോതുന്ന സമ്പ്രദായമാണ് അനേക കാലമായി നമ്മുടെ നാട്ടിൽ നടന്നുവരുന്നത്. ഈ സമ്പ്രദായം കൊണ്ട് നബിയുടെ ജീവചരിത്രം പഠിക്കുവാനോ തിരുമേനിയുടെ ചര്യകളെ അറിയുവാനോ സാധിക്കുന്നില്ല. മൗലിദുകളാകട്ടെ, നമ്മളിൽ അധികം പേർക്കും അറിഞ്ഞുകൂടാത്ത അറബി ഭാഷയിലാണ്. നബിയുടെ ശരിയായ ജീവചരിത്രം അവയിൽ ഇല്ല എന്നു തന്നെ പറയാം. മിക്ക മൗലിദുകളിലും ജനനം വരെയുള്ള വിവരം മാത്രമായിരിക്കും. ചിലതിൽ ജനന ദിവസം ഉണ്ടായ അത്ഭുത സംഭവങ്ങളും ശൈശവ കാലത്തെ ഏതാനും വിവരങ്ങളും ഉണ്ടായിരിക്കും. ബാക്കിയുള്ളത് ചില ഖിസ്സകളാണ്. ഖിസ്സകളിൽ അധികവും അടിസ്ഥാനരഹിതങ്ങളാണെന്നുതന്നെ പറയാം. ഇത്തരത്തിൽ അറബി ഭാഷയിലുള്ള മൗലിദ് മുക്രിയോ മുല്ലയോ വന്ന് ഒരു ഭാഗത്ത് നിന്ന് ചൊല്ലിപ്പിരിഞ്ഞതുകൊണ്ട് എന്തൊരു ഫലമാണ് സിദ്ധിക്കുവാനുള്ളത്? മുല്ല ചൊല്ലുന്നത് എന്താണെന്ന് മുല്ലക്ക് തന്നെ മനസ്സിലായിരിക്കയില്ല. ചൊല്ലിക്കുന്നവന്റെ സ്ഥിതിയും ഇതുതന്നെ. നബിയോട് നമുക്കുള്ള ബഹുമാനത്തെ പ്രദർശിപ്പിക്കേണ്ടത് നബിയുടെ ചര്യകളും സന്ദേശങ്ങളും പഠിപ്പിക്കയും തിരുമേനിയെ പിന്തുടരുകയും ചെയ്യുന്നത് കൊണ്ടാണ്. നബിയെ പിന്തുടരുന്നത് കൊണ്ടല്ലാതെ നാം അല്ലാഹു തആലായുടെ സ്നേഹത്തിന് പാത്രവാൻമാരായിത്തീരുന്നതല്ല. അല്ലാഹു പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى
يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ
وَٱللَّهُ غَفُورٌ رَّحِيمٌ

നമ്മളിൽ അധികമാളുകൾക്കും നബിയുടെ സച്ചരിതങ്ങൾ അറിഞ്ഞുകൂട. അത് പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള ഏർപ്പാടുകളൊന്നും നമ്മുടെ ഇടയിൽ ഇല്ല. ഇന്നത്തെ മൗലിദോതുന്ന സമ്പ്രദായം കൊണ്ട് ഇക്കാര്യം നിറവേറുന്നതല്ലെന്ന് ഞാൻ മുമ്പ് സമർത്ഥിച്ചുവല്ലോ. അതുകൊണ്ട് ഈ റബീഉൽ അവ്വൽ മാസത്തിൽ നബിയുടെ ഉപദേശങ്ങളെയും ചര്യകളെയും ജനങ്ങളെ പഠിപ്പിക്കുവാനാണ് നാം ശ്രമിക്കേണ്ടത്. കുറച്ചു കാലമായി നമ്മുടെ നാട്ടിൽ മാത്രമല്ല, ഇന്ത്യ ഒട്ടുക്കും ഇന്ത്യക്ക് പുറമെ ചില രാജ്യങ്ങളിലും നബിദിനമെന്ന പേരിൽ ഈ ശ്രമം ചെയ്ത് വരുന്നുണ്ട്. എന്നാൽ ഈ ശ്രമം കൂടുതൽ ഉപയോഗപ്രദമാക്കിത്തീർക്കുവാൻ ഉത്സാഹിക്കേണ്ടതാണ്. കേവലം പ്രസംഗങ്ങൾ കൊണ്ട് മതിയാക്കരുത്. നബിയുടെ സച്ചരിതങ്ങളും ഇസ്‌ലാംമത സിദ്ധാന്തങ്ങളും വിവരിച്ചുകൊണ്ടുള്ള ലഘുലേഖകളും ചെറുപ്രസംഗങ്ങളും അച്ചടിച്ചു പ്രചരിപ്പിക്കുന്നത് അധികം നന്നായിരിക്കും. നാം റബീഉൽ അവ്വൽ കൊണ്ടാടുന്നതും നബിയോടുള്ള ബഹുമാനത്തെ പ്രദർശിപ്പിക്കേണ്ടതും ഇതേ ക്രമത്തിൽ ആയിരുന്നാൽ അതു കൊണ്ട് വലിയ ഫലം സിദ്ധിക്കുന്നതാണ്.”

ഇന്ന് കാണുന്ന രൂപത്തിലല്ല നബിസ്നേഹം പ്രകടിപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കുന്ന ഈ ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ മറച്ചുവച്ചുകൊണ്ടാണ് നബിദിനമാഘോഷിക്കാമെന്ന് ഇ.കെ. മൗലവി എഴുതിയിട്ടുണ്ട് എന്ന് യാഥാസ്ഥിതിക പണ്ഡിതന്മാർ പ്രചരിപ്പിക്കുന്നത്. ■

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

فَالْيَوْمَ لَا يَمْلِكُ بَعْضُكُمْ لِبَعْضٍ نَّفْعًا
وَلَا ضَرًّا وَنَقُولُ لِلَّذِينَ ظَلَمُوا ذُوقُوا عَذَابَ
النَّارِ الَّتِي كُنتُم بِهَا تُكَذِّبُونَ ﴿٤٢﴾
وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ قَالُوا مَا
هَٰذَا إِلَّا رَجُلٌ يُرِيدُ أَن يَصُدَّكُمْ عَمَّا
كَانَ يَعْبُدُ آبَاؤُكُمْ وَقَالُوا مَا هَٰذَا إِلَّا
إِفْكٌ مُّفْتَرًى ۚ وَقَالَ الَّذِينَ كَفَرُوا لِلْحَقِّ
لَمَّا جَاءَهُمْ إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ ﴿٤٣﴾
وَمَا آتَيْنَاهُم مِّن كُتُبٍ يَدْرُسُونَهَا ۖ وَمَا
أَرْسَلْنَا إِلَيْهِمْ قَبْلَكَ مِن نَّذِيرٍ ﴿٤٤﴾
وَكَذَّبَ الَّذِينَ مِن قَبْلِهِمْ وَمَا بَلَغُوا
مِعْشَارَ مَا آتَيْنَاهُمْ فَكَذَّبُوا رُسُلِي ۖ فَكَيْفَ
كَانَ نَكِيرِ ﴿٤٥﴾
۞ قُلْ إِنَّمَا أَعِظُكُم بِوَاحِدَةٍ ۖ أَن تَقُومُوا
لِلَّهِ مَثْنَىٰ وَفُرَادَىٰ ثُمَّ تَتَفَكَّرُوا ۚ مَا
بِصَاحِبِكُم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ
لَّكُم بَيْنَ يَدَيْ عَذَابٍ شَدِيدٍ ﴿٤٦﴾
قُلْ مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ ۖ
إِنْ أَجْرِيَ إِلَّا عَلَى اللَّهِ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ
شَهِيدٌ ﴿٤٧﴾

42. ആകയാൽ അന്ന് നിങ്ങൾക്ക് അന്യോന്യം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവുണ്ടായിരിക്കുന്നതല്ല. അക്രമം ചെയ്തവരോട് നിങ്ങൾ നിഷേധിച്ചുതള്ളിക്കൊണ്ടിരുന്ന ആ നരകശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക എന്ന് നാം പറയുകയും ചെയ്യും.

43. നമ്മുടെ ദൃഷ്ടാന്തങ്ങൾ സ്പഷ്ടമായ നിലയിൽ അവർക്ക് വായിച്ചുകേൾപിക്കപ്പെട്ടാൽ അവർ (ജനങ്ങളോട്) പറയും: നിങ്ങളുടെ പിതാക്കൻമാർ ആരാധിച്ചുവന്നിരുന്നതിൽനിന്ന് നിങ്ങളെ തടയുവാൻ ആഗ്രഹിക്കുന്ന ഒരാൾ മാത്രമാണിത്. ഇത് കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളം മാത്രമാണ് എന്നും അവർ പറയും. തങ്ങൾക്ക് സത്യം വന്നുകിട്ടിയപ്പോൾ അതിനെപ്പറ്റി അവിശ്വാസികൾ പറഞ്ഞു: ഇത് സ്പഷ്ടമായ ജാലവിദ്യ മാത്രമാകുന്നു.

44. അവർക്ക് പഠിക്കാനുള്ള വേദഗ്രന്ഥങ്ങളൊന്നും നാം അവർക്ക് നൽകിയിരുന്നില്ല. നിനക്ക് മുമ്പ് അവരിലേക്ക് ഒരു താക്കീതുകാരനെയും നാം നിയോഗിച്ചിരുന്നുമില്ല.

45. ഇവർക്ക് മുമ്പുള്ളവരും നിഷേധിച്ചുതള്ളിയിട്ടുണ്ട്. അവർക്ക് നാം കൊടുത്തിരുന്നതിന്റെ പത്തിലൊന്നുപോലും ഇവർ നേടിയിട്ടില്ല. അങ്ങനെ നമ്മുടെ ദൂതൻമാരെ അവർ നിഷേധിച്ചുതള്ളി. അപ്പോൾ എന്റെ രോഷം എങ്ങനെയുള്ളതായിരുന്നു!

46. നീ പറയുക: ഞാൻ നിങ്ങളോട് ഒരു കാര്യം മാത്രമെ ഉപദേശിക്കുന്നുള്ളൂ. അല്ലാഹുവിനുവേണ്ടി നിങ്ങൾ ഈരണ്ടു പേരായോ ഒറ്റയായോ നിൽക്കുകയും എന്നിട്ട് നിങ്ങൾ ചിന്തിക്കുകയും ചെയ്യണമെന്ന്. നിങ്ങളുടെ കൂട്ടുകാരന്ന് (മുഹമ്മദ് നബിക്ക്) യാതൊരു ഭ്രാന്തുമില്ല. ഭയങ്കരമായ ശിക്ഷയുടെ മുമ്പിൽ നിങ്ങൾക്കു താക്കീത് നൽകുന്ന ആൾ മാത്രമാകുന്നു അദ്ദേഹം.

47. നീ പറയുക: നിങ്ങളോട് ഞാൻ വല്ല പ്രതിഫലവും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് നിങ്ങൾക്കുവേണ്ടി തന്നെയാകുന്നു. എനിക്കുള്ള പ്രതിഫലം അല്ലാഹുവിങ്കൽ നിന്ന് മാത്രമാകുന്നു. അവൻ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു.

(42). ബഹുദൈവാരാധകരെ മലക്കുകൾ നിരാകരിക്കുമ്പോൾ അല്ലാഹു അവരോട് പറയും: (ആകയാൽ അന്ന് നിങ്ങൾക്ക് അന്യോന്യം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവുണ്ടായിരിക്കുന്നതല്ല) കാരണം, നിങ്ങൾ തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. പരസ്പരം ഒന്നും ചെയ്യാനാകില്ല. (അക്രമം ചെയ്തവരോട് നാം പറയും:) നിഷേധിച്ചും തെറ്റുകൾ ചെയ്തും നരകത്തിൽ പ്രവേശിച്ചതിനുശേഷം. (നിങ്ങൾ നിഷേധിച്ചു തള്ളിക്കൊണ്ടിരുന്ന ആ നരകശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക) ഇന്ന് നിങ്ങൾ അത് കണ്ണുകൾ കൊണ്ട് കാണുകയും നിങ്ങളുടെ അവിശ്വാസത്തിന്റെയും നിഷേധത്തിന്റെയും പരിണിത ഫലമായി ആ ശിക്ഷയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. അതിലേക്കെത്തിക്കുന്ന കാരണങ്ങളിൽനിന്ന് നിങ്ങൾക്ക് ഇന്ന് അകന്നുനിൽക്കാനാവില്ല.

(43). ബഹുദൈവാരാധകർക്ക് അല്ലാഹുവിന്റെ സുവ്യക്തമായ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുകയും നന്മ അറിയിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന വിശദീകരണങ്ങൾ അവർക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോ ൾ അവരുടെ പ്രതികരണം എന്തായിരിക്കുമെന്നാണ് അല്ലാഹു ഇവിടെ പറയുന്നത്. ഇത് അവർക്കു ലഭിച്ച മഹത്തായ അനുഗ്രഹമാണെന്ന് മനസ്സിലാക്കി അതിൽ വിശ്വസിക്കുകയും സ്വീകരിക്കുക യും ചെയ്തു. എന്നാൽ അവർ എതിര് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അതവർ നിരസിക്കുന്നു; കളവാക്കുകയും ചെയ്യുന്നു. അവർ പറയുന്നു: (നിങ്ങളുടെ പിതാക്കൾ ആരാധിച്ചു വന്നിരുന്നതിൽനിന്ന് നിങ്ങളെ തടയാൻ ആഗ്രഹിക്കുന്ന ഒരാൾ




മാത്രമാണിത്) അതായത്, അല്ലാഹുവിന് മാത്രം സമർപ്പിക്കാനും പിതാക്കളുടെ ആചാരങ്ങൾ ഉപേക്ഷിക്കാനും അവൻ നിങ്ങളോട് പറയുമ്പോൾ അതാണദ്ദേഹത്തിന്റെ ലക്ഷ്യം. അങ്ങനെ വഴിപിഴച്ചവരുടെ വാദങ്ങൾ ഉന്നയിച്ച് അവർ സത്യത്തെ എതിർത്തു. എന്നാൽ ഒരു തെളിവും അതിനവർ കൊണ്ടുവന്നില്ല. പ്രവാചകന്മാർ സത്യത്തെ പിൻപറ്റാൻ പറയുമ്പോൾ തങ്ങളുടെ സഹോദരങ്ങൾ ഇപ്പോഴും ആ വഴിയിൽ ഉറച്ചുനിൽക്കുന്നു എന്ന് അവകാശപ്പെടുന്നത് എന്തു ന്യായമാണ്? ഇത് വിഡ്ഢിത്തവും വഴിതെറ്റിയവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സത്യത്തെ നിരാകരിക്കലുമാണ്. സത്യത്തെ നിരാകരിക്കുന്നവരെ കുറിച്ചെല്ലാം നിങ്ങൾ ചിന്തിച്ചാൽ ഒരേ രീതിയിലാണ് എല്ലാവരും സത്യത്തെ നിരാകരിക്കുന്നതെന്നു കാണാം. ബഹുദൈവാരാധകരായിരുന്നാലും നിരീശ്വരവാദികളായാലും വഴിപിഴച്ചവർ പറയുന്ന അടിസ്ഥാനങ്ങൾ തന്നെയാണ് ഇവർക്കും പറയാനുള്ളത്. പ്രകൃതിവാദികളാകട്ടെ, തത്ത്വചിന്തകരാകട്ടെ, അഗ്നിയാരാധകരാകട്ടെ, ആരുതന്നെയായാലും സത്യത്തെ നിരാകരിക്കാൻ എല്ലാവർക്കും ലോകാവസാനംവരെ അവലംബം വഴിപിഴച്ചവരുടെ വാദങ്ങൾ തന്നെയാണ്.

തങ്ങളുടെ പിതാക്കന്മാരുടെ ചെയ്തികൾ തെളിവായി ഉദ്ധരിച്ച് അതിനെ പ്രവാചകന്മാർ കൊണ്ടുവന്നതിനെ പ്രതിരോധിക്കാൻ ആയുധമാക്കി സത്യത്തെ ആക്ഷേപിച്ചു. (ഇത് കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളം മാത്രമാണ്) ഇതുമായി വന്ന വ്യക്തി കെട്ടിച്ചമച്ചുണ്ടാക്കിയ കളവ്. (തങ്ങൾക്ക് സത്യം വന്നുകിട്ടിയപ്പോൾ അതിനെപ്പറ്റി അവിശ്വാസികൾ പറഞ്ഞു: ഇത് സ്പഷ്ടമായ ജാലവിദ്യ മാത്രമാകുന്നു) എല്ലാവർക്കും വ്യക്തമായി മനസ്സിലാകുന്ന ജാലവിദ്യ. സത്യത്തെ തള്ളിപ്പറയാനും വിഡ്ഢികളെ കബളിപ്പിക്കാനുമാണ് അവർ അങ്ങനെ പറഞ്ഞത്.

(44). അവർ സത്യത്തെ തള്ളിക്കളയുകയാണെന്നും അവർ പറയുന്നതെല്ലാം പിഴച്ച വാദങ്ങളാണെന്നും അതിന് തെളിവ് നൽകാനായില്ലെന്നും പറഞ്ഞശേഷം, ഇനി ആരെങ്കിലും അവരുടെ വാദങ്ങൾക്ക് തെളിവ് കൊണ്ടുവരാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോലും അവരുടെ അടുക്കൽ യാതൊരു അടിസ്ഥാനവുമില്ല എന്ന് അല്ലാഹു പറയുന്നു: (അവർക്ക് പഠിക്കാനുള്ള വേദഗ്രന്ഥങ്ങളൊന്നും നാം അവർക്ക് നൽകിയിരുന്നില്ല) ഉണ്ടെങ്കിൽ അതവർക്ക് ഒരവലംബമാക്കാമായിരുന്നു. (നിനക്ക് മുമ്പ് അവരിലേക്ക് ഒരു താക്കീതുകാരനെയും നാം നിയോഗിച്ചിരുന്നുമില്ല) ആ മുന്നറിയിപ്പുകാരന് വല്ല വാക്കോ രേഖയോ ഉണ്ടെങ്കിൽ അത് ഉപയോഗിച്ച് നിന്നെ അവർ പ്രതിരോധിക്കുമായിരുന്നു. എന്നാൽ അവരുടെ അടുക്കൽ യാതൊരറിവും രേഖയും ഇല്ല.

(45). അവർക്കു മുമ്പ് വന്ന സത്യനിഷേധികളായ ജനതക്ക് എന്തു സംഭവിച്ചു എന്ന് ഓർമപ്പെടുത്തി അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകുന്നു: (ഇവർക്ക് മുമ്പു

ള്ളവരും നിഷേധിച്ച് തള്ളിയിട്ടും അവർ നേടിയിട്ടില്ല) ഇവർ നേടിയ അത്ര (അവർക്ക് നാം നൽകിയതിന്റെ പത്തിലൊന്ന് പോലും). (അവർ നിഷേധിച്ചുതള്ളി) മുൻ സമുദായങ്ങൾ. (എന്റെ ദൂതന്മാരേ, അപ്പോൾ എന്റെ രോഷം എങ്ങനെയുള്ളതായിരുന്നു?) അവരുടെ മേൽ എന്റെ രോഷവും ശിക്ഷയും എത്രത്തോളമായിരുന്നു? അവർക്ക് എന്തു ശിക്ഷയാണ് സംഭവിച്ചത്? അവരിൽ ചിലരെ മുക്കിക്കൊന്നു. ചിലരെ വിനാശകരമായ കാറ്റ്, ഘോരശബ്ദം, ഭൂകമ്പം, ഭൂമിയിൽ ആഴ്ത്തിക്കളയൽ, ആകാശത്തുനിന്ന് ചരൽവർഷം എന്നിവയാൽ നശിപ്പിച്ചു. അതുകൊണ്ട് നിഷേധികളേ, നിഷേധത്തിൽ തുടരുന്നത് നിങ്ങൾ സൂക്ഷിക്കുക. അവർക്ക് ലഭിച്ച ശിക്ഷ നിങ്ങൾക്കും ലഭിക്കും. അവർക്ക് സംഭവിച്ചത് നിങ്ങൾക്കും സംഭവിക്കും.

(46). (പറയുക) ഓ, ദൂതരേ, സത്യത്തെ എതിർക്കാനും തള്ളിക്കളയാനും അത് കൊണ്ടുവന്നവനെ വിമർശിക്കാനും സന്നദ്ധരായ ഇവരോട് പറയുക. (ഞാൻ നിങ്ങളോട് ഒരു കാര്യം മാത്രമെ ഉപദേശിക്കുന്നുള്ളൂ) ഒരു ന്യായവുമില്ലാതെ എന്റെ അഭിപ്രായം പിന്തുടരാനോ നിങ്ങളുടെ അഭിപ്രായം ഉപേക്ഷിക്കാനോ ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ നിങ്ങളെ കാണിക്കുന്ന കാര്യം ഇതാണ്. (ഈ കാര്യം ഗൗരവമായി എടുത്ത് ഈ രണ്ടു പേരായോ ഒറ്റക്കോ ചിന്തിക്കുക; അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച്) ഈ വിഷയം ഗൗരവമായിക്കണ്ട് താൽപര്യത്തോടെയും ഉന്മേഷത്തോടെയും ഒന്നിച്ചു സംവദിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക. അല്ലെങ്കിൽ ഓരോ വ്യക്തിയും സ്വയം ചിന്തിക്കുക. ഈരണ്ടു പേരായോ ഒറ്റയ്ക്കോ ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ നിങ്ങളുടെ പ്രവാചകന്റെ സ്വഭാവവും അവസ്ഥയും നിങ്ങ ൾക്ക് മനസ്സിലാകും. അദ്ദേഹം ഭ്രാന്തനാണോ ഭ്രാന്തിന്റെ വല്ല ലക്ഷണവും അദ്ദേഹത്തിന്റെ സ്വഭാവത്തിലോ രൂപത്തിലോ ഉണ്ടോ എന്നും അതോ അദ്ദേഹം സത്യസന്ധനും നിങ്ങൾക്കു വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള താക്കീതുകാരണമാണോ എന്നും.

ഈ ഉപദേശം അവർ സ്വീകരിച്ച് നടപ്പാക്കിയിരുന്നുവെങ്കിൽ അദ്ദേഹം ഭ്രാന്തനല്ലെന്ന് മറ്റുള്ളവരെക്കാളും അവർക്ക് മനസ്സിലാകും. സാധാരണയായി ഭ്രാന്തന്മാരിൽ ഉണ്ടാകുന്ന വിറയലും പ്രത്യേക നോ ട്ടവുമൊന്നും തന്നെ അദ്ദേഹത്തിന്റെ ഭാവത്തിൽ കാണാവുന്നതല്ല. പകരം അദ്ദേഹത്തിന്റെ മനോഭാവം ഏറ്റവും നല്ലതാണ്. അദ്ദേഹം പെരുമാറ്റത്തിൽ ഏറ്റവും മാന്യനാണ്. മനോഭാവം, പെരുമാറ്റം, ശാന്തത, വിനയം എന്നിവയിൽ ഏറ്റവും തികഞ്ഞവനാണ്. അദ്ദേഹത്തിൽ മറ്റു മനുഷ്യരെ ക്കാൾ ഏറ്റവും വലിയ ജ്ഞാനവും പക്വതയും മാത്രമെ കാണാൻ സാധിക്കുകയുള്ളൂ.

ഹൃദയത്തിൽ ആശ്വാസവും വിശ്വാസവും നിറയ്ക്കുകയും ഹൃദയത്തെയും ആത്മാവിനെയും ശുദ്ധീകരിക്കുകയും ഉന്നതമായ ഗുണങ്ങളിലേക്ക് പ്രേരിപ്പിക്കുകയും നല്ല പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുകയും മോശം പെരുമാറ്റങ്ങളിൽ നിന്ന് തടയുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ സുന്ദരമായ വാക്കുകളും സംസാരവും അവർ ആലോചിച്ചാൽ ആളുകൾ ആദരവോടെയും ബഹുമാനത്തോടെയും അദ്ദേഹത്തെ സമീപിക്കുന്നത് എന്തുകൊണ്ടാണെന്ന് ബോധ്യമാകും.

ഇതെല്ലാം ഏതെങ്കിലും ഭ്രാന്തന്മാരുടെ അർഥമില്ലാത്ത സംസാരങ്ങൾ പോലെയാണോ? അദ്ദേഹത്തിന്റെ സാഹചര്യങ്ങളും ഉദ്ദേശ്യവും ആലോചിച്ചാൽ തന്നെ അദ്ദേഹം പ്രവാചകനാണോ അല്ലേ എന്ന് മനസ്സിലാക്കാൻ കഴിയും. അദ്ദേഹം അല്ലാഹുവിന്റെ സത്യദൂതനും യഥാർഥ പ്രവാചകനുമാണെന്ന് ഒറ്റയ്ക്ക് ചിന്തിച്ചാലും കൂട്ടായി ചിന്തിച്ചാലും ഉറപ്പാകും. പ്രത്യേകിച്ചും ക്വുർആനിന്റെ അഭിസംബോധിതർക്ക് അദ്ദേഹം അവരുടെ കൂട്ടുകാരനാണ്. അദ്ദേഹത്തെ കുട്ടിക്കാലം മുതൽ അവർക്കറിയും.

(47). സത്യത്തിലേക്ക് വിളിക്കുന്നവരെ പിന്തുടരുന്നതിൽനിന്ന് ആളുകളെ തടയുന്ന മറ്റൊരു കാര്യമുണ്ട്. അത് തന്റെ പ്രബോധനത്തിനു പകരമായി തന്നോടൊപ്പം ചേരുന്നവരുടെ സമ്പത്ത് പ്രതിഫലമായി എടുക്കുമോ എന്നതാണ്. ഇത്തരം ഒരു കാര്യം ചെയ്യുന്നതിൽ തന്റെ ദൂതൻ പരിശുദ്ധനാണെന്ന് അല്ലാഹു വിശദീകരിച്ചു. (നീ പറയുക: ഞാൻ നിങ്ങളോട് വല്ല പ്രതിഫലവും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ) നിങ്ങൾ സത്യത്തെ പിന്തുടരുന്നതിന്. (അത് നിങ്ങൾക്കു വേണ്ടി തന്നെയാകുന്നു) അത് നിങ്ങൾക്കു വേണ്ടി തന്നെയുള്ളതാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. (എനിക്കുള്ള പ്രതിഫലം അല്ലാഹുവിൽനിന്ന് മാത്രമാകുന്നു. അവൻ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു) ഞാൻ എന്തിലേക്ക് ക്ഷണിക്കുന്നുവെന്ന് അവനറിയാം. ഞാൻ കളവ് പറയുന്നവനാണെങ്കിൽ എന്നെ അവൻ ശിക്ഷിക്കും. നിങ്ങളുടെ പ്രവർത്തനങ്ങൾക്കും അവൻ സാക്ഷി തന്നെ. അത് രേഖപ്പെടുത്തപ്പെടുകയും നിങ്ങൾക്ക് അവയ്ക്ക് പ്രതിഫലം നൽകുകയും ചെയ്യും. ■

ഉസ്മാൻ പാലക്കാഴി
: 9656 292 244




# സ്നേഹത്തിന്റെ തണലൊരുക്കുക

സത്യവിശ്വാസികൾ പരസ്പരം സ്നേഹിക്കൽ വിശ്വാസത്തിന്റെ ഭാഗമാണ്. ഈ സ്നേഹം സ്വർഗത്തിലേക്കുള്ള മാർഗവുമാണ്. തമ്മിൽ കലഹിച്ചും തെറ്റിപ്പിരിഞ്ഞും കഴിയേണ്ടവരല്ല സത്യവിശ്വാസികൾ. ഈമാൻ പരിപൂർണമാകണമെങ്കിൽ ഈ സ്നേഹം കൂടിയേ തീരൂ.

അല്ലാഹുവിനു വേണ്ടി സ്നേഹിക്കുകയും വെറുക്കുകയും നൽകുകയും തടയുകയും ചെയ്യൽ സത്യവിശ്വാസത്തിന്റെ അടയാളമാണ്. പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണെന്നാണ് നബി(സ്വ) പറഞ്ഞിട്ടുള്ളത്. കാരണം ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് രോഗം ബാധിച്ചാൽ ഉറക്കമിളച്ചും പനിവന്നും മറ്റു അവയവങ്ങളും അതിനോട് അനുഭാവം പ്രകടമാക്കും.

തന്റെ സഹോദരന്റെ ദുഃഖത്തിൽ ദുഃഖിക്കുകയും സന്തോഷത്തിൽ സന്തോഷിക്കുകയും ചെയ്യുന്നവനായിരിക്കണം വിശ്വാസി. സംസാരത്തിലും എഴുത്തിലും മാത്രം ഒതുങ്ങേണ്ട ഒന്നല്ല സ്നേഹം എന്നർഥം.

മുഹാജിറുകൾ മക്കയിലെ വീടും കുടുംബവും സമ്പത്തും വിട്ടേച്ചുകൊണ്ട് മദീനയിലേക്ക് പോയി. അവിടെ സഹായിക്കാൻ സന്നദ്ധരായ അൻസ്വാരികളുണ്ട്. ഇരുകൂട്ടരും പരസ്പരം സ്നേഹിക്കുന്നു. തങ്ങളുടെ വീട്ടിൽ അൻസ്വാറുകൾ മുഹാജിറുകളെ താമസിപ്പിച്ചു. സമ്പത്ത് പകുത്തുകൊടുത്തു.

“അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും...” (ക്വുർആൻ 59:9).

ഈ സ്നേഹത്തിന്റെ ഭാഗമാണ് മുൻഗാമികൾക്കു വേണ്ടി നമ്മൾ നടത്തുന്ന പ്രാർഥന: “അവരുടെ ശേഷം വന്നവർക്കും; അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു” (ക്വുർആൻ 59:10).

> അല്ലാഹുവിനു വേണ്ടി സ്നേഹിക്കുകയും വെറുക്കുകയും നൽകുകയും തടയുകയും ചെയ്യൽ സത്യവിശ്വാസത്തിന്റെ അടയാളമാണ്. പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണെന്നാണ് നബി (സ്വ) പറഞ്ഞിട്ടുള്ളത്. കാരണം ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് രോഗം ബാധിച്ചാൽ ഉറക്കമിളച്ചും പനിവന്നും മറ്റു അവയവങ്ങളും അതിനോട് അനുഭാവം പ്രകടമാക്കും.

അല്ലാഹുവിന്റെ സ്നേഹം ലഭിക്കണമെങ്കിൽ വിശ്വാസികൾ പരസ്പരം സ്നേഹിക്കണം. അല്ലാഹു നമ്മെ സ്നേഹിച്ചാൽ ജിബ്രീലിനെ വിളിച്ചുകൊണ്ട് പറയും: ‘അല്ലയോ ജിബ്രീൽ! ഞാൻ ഇന്ന വ്യക്തിയെ സ്നേഹിക്കുന്നു. നീയും അവനെ സ്നേഹിക്കണം.’ അപ്പോൾ ജിബ്രീലും അവനെ സ്നേഹിക്കും. ശേഷം ജിബ്രീൽ ആകാശലോകത്തുള്ളവരെ വിളിച്ചുകൊണ്ട് പറയും: ‘അല്ലാഹു ഇയാളെ സ്നേഹിച്ചിരിക്കുന്നു. നിങ്ങളും സ്നേഹിക്കുക.’ അപ്പോൾ ആകാശലോകത്തുള്ളവരൊക്കെ സ്നേഹിക്കും. ശേഷം ഭൂമിലോകത്തും അവന്നുവേണ്ടി സ്നേഹം വെക്കപ്പെടും.

അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലുമില്ലാത്ത ദിവസത്തിൽ അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിച്ചവർക്ക് അവൻ തന്റെ തണൽ നൽകും. അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിക്കുക മാത്രമല്ല; ചിലപ്പോൾ വേർപിരിയേണ്ടിയും വരും. അവർക്കും അല്ലാഹുവിന്റെ തണൽ ലഭിക്കുന്നതാണ്.

തന്റെ സഹോദരനെ ഭൗതികതാൽപര്യങ്ങളില്ലാതെ അല്ലാഹുവിനുവേണ്ടി സ്നേഹിച്ചാൽ അവൻ ഈമാനിന്റെ മാധുര്യം അനുഭവിച്ചു എന്നാണ് നബി(സ്വ) പഠിപ്പിച്ചത്.

ഇന്ന് പലരും സ്നേഹിക്കുന്നതും ബന്ധം നിലനിറുത്തുന്നതും ഇഹലോക നേട്ടങ്ങൾക്കുവേണ്ടി മാത്രമാണ്. അതിനുവേണ്ടി ഒരുമിച്ചുകൂടുന്നു. അതിന്റെ പേരിൽ വേർപിരിയുന്നു. അതിന്റെ പേരിൽ പരസ്പരം ഇണങ്ങുകയും പിണങ്ങുകയും കൊടുക്കുകയും തടയുകയും ചെയ്യുന്നു. എന്നാൽ ഇത്തരം ബന്ധങ്ങളെല്ലാം മരണത്തോടെ അവസാനിക്കുന്നതാണ്. അല്ലാഹു പറയുന്നു:

“സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും; സൂക്ഷ്മത പാലിക്കുന്നവരൊഴികെ”(ക്വുർആൻ 43:67).

പരസ്പരം സലാം പറയലും സന്ദർശന വേളകളിൽ സമ്മാനങ്ങൾ നൽകലും സ്നേഹബന്ധം നിലനിർത്താൻ സഹായിക്കുമെന്ന് നബി(സ്വ) പറഞ്ഞുതന്നിട്ടുണ്ട്.

ഇങ്ങനെ പ്രശ്നങ്ങൾ അറിഞ്ഞും സഹായിച്ചും സഹകരിച്ചും വിശ്വാസികൾക്കുവേണ്ടി പ്രാർഥിച്ചും സ്നേഹിച്ചും ഒരാൾ ജീവിച്ചാൽ സ്വർഗത്തിലേക്കുള്ള കവാടങ്ങൾ അവന്റെ മുമ്പിൽ തുറക്കപ്പെടും, തീർച്ച!

“സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണകാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്” (ക്വുർആൻ 9: 71). ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# ഒഴിവുകഴിവുള്ളവരുടെ നമസ്കാരം

ഒഴിവുകഴിവില്ലാത്തവർ നമസ്കരിക്കുന്ന രൂപത്തിൽ നമസ്കാരം നിർവഹിക്കുവാൻ സാധ്യമാകാത്ത രോഗികളും യാത്രക്കാരും ഭയപ്പാടുള്ളവരുമാണ് അഹ്‌ലുൽഅഅ്ദാർ അഥവാ ഒഴിവുകഴിവുകളുള്ളവർ. അല്ലാഹു അവർക്ക് ഇളവു നൽകിയിരിക്കുന്നു. അതിനാൽ അവർ അവർക്ക് സാധ്യമാകുന്നതിനനുസരിച്ചു നമസ്കരിക്കണം. അല്ലാഹു പറഞ്ഞു: "മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല" (ക്വുർആൻ 22: 78). "അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല" (ക്വുർആൻ 2:286). "അതിനാൽ നിങ്ങൾക്കു സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (ക്വുർആൻ 64:16).

അതിനാൽ, മശക്കത്ത് (ഞെരുക്കം) കാണപ്പെടുന്നതിനനുസരിച്ച് തയ്സീറും (എളുപ്പമാക്കലും) കാണപ്പെടും.

യാത്രക്കാരനു നാലു റക്അത്തുകളുള്ള നമസ്കാരങ്ങൾ ക്വസ്വ്റാക്കി (രണ്ടാക്കി ചുരുക്കി) നമസ്കരിക്കുന്നത് നിയമമാണെന്നതിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമില്ല. വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും ഇജ്മാഇലും അതിനു തെളിവുണ്ട്. വിശുദ്ധക്വുർആനിൽ അല്ലാഹു പറഞ്ഞു: "നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയാണെങ്കിൽ സത്യനിഷേധികൾ നിങ്ങൾക്ക് നാശം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിൽ നിങ്ങൾക്കു കുറ്റമില്ല" (ക്വുർആൻ 3:101).

### രോഗിയുടെ നമസ്കാര രീതി

ശാരീരിക ആരോഗ്യത്തിനു അസുഖം ബാധിച്ചവനാണ് അൽമരീദ് അഥവാ രോഗി. അസുഖം ശരീരമാസകലമായാലും ഭാഗികമായാലും ശരി. ഏതു രീതിയിലാണെങ്കിലും നിർബന്ധ നമസ്കാരം നിന്നുകൊണ്ട് നിർവഹിക്കൽ രോഗിക്ക് അനിവാര്യമാണ്. തന്റെ മുതുകു നേരെ നിവർത്തുവാൻ സാധിക്കാത്തവിധം മുതുകിൽ രോഗമുള്ളവൻ റുകൂഅ് ചെയ്യുന്നവന്റെ രൂപത്തിലെങ്കിലും നിന്നുകൊണ്ട് നമസ്കരിക്കണം. അല്ലെങ്കിൽ ചുമരിലോ തൂണിലോ ചാരിക്കൊണ്ടോ അല്ലെങ്കിൽ വടിയിൽ ഊന്നിക്കൊണ്ടോ നിന്നു നമസ്കരിക്കണം. തിരുനബി(സ്വ) പറഞ്ഞു: "ഞാൻ നിങ്ങളോട് ഒരു കാര്യം കൽപിച്ചാൽ നിങ്ങൾക്കു സാധ്യമായത്ര അതു നിങ്ങൾ എത്തിക്കുക."

രോഗിക്കു നിന്നു നമസ്കരിക്കുവാൻ സാധിച്ചില്ലെങ്കിൽ ഇരുന്ന് നമസ്കരിക്കണം. അതിനും സാധിച്ചില്ലയെങ്കിൽ കിടന്നുകൊണ്ട് നമസ്കരിക്കണം. നബി(സ്വ) ഇംറാൻ ഇബ്നു ഹുസ്വയ്നി(റ)നോടു പറഞ്ഞു: "താങ്കൾ നിന്നുകൊണ്ട് നമസ്കരിക്കുക. താങ്കൾക്ക് അതിനു സാധിച്ചില്ലയെങ്കിൽ അപ്പോൾ ഇരുന്നുകൊണ്ടു നമസ്കരിക്കുക. അതിനും താങ്കൾക്കു സാധിച്ചില്ലയെങ്കിൽ അപ്പോൾ കിടന്നുകൊണ്ടു നമസ്കരിക്കുക."

ഇതിനൊന്നിനും കഴിയാത്തവൻ തന്റെ അവസ്ഥക്കനുസരിച്ച് നമസ്കരിക്കട്ടെ. അല്ലാഹു പറഞ്ഞു: "അതിനാൽ നിങ്ങൾക്കു സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (ക്വുർആൻ 67:16).

നിയ്യത്തോടെ നമസ്കാരം നിർവഹിക്കുവാൻ കഴിവുള്ളതിനാൽ ആംഗ്യഭാഷയിൽ അവൻ നമസ്കരിച്ചാലും ശരി; ബുദ്ധിക്കു സ്ഥിരതയുള്ള കാലത്തോളം രോഗിയായ ഒരു വ്യക്തിയെത്തൊട്ട് നമസ്കാരം ഒഴിവാകുകയില്ല.

ഇരുന്നു നമസ്കരിക്കുന്ന രോഗി റുകൂഇലും സുജൂദിലും തന്റെ തലകൊണ്ട് ആംഗ്യം കാണിക്കുകയും റുകൂഇനെക്കാൾ സുജൂദിൽ തല കൂടുതൽ താഴ്ത്തുകയും ചെയ്യണം. തലകൊണ്ട് ആംഗ്യം കാണിക്കുവാൻ അശക്തനായാൽ തന്റെ കണ്ണുകൊണ്ട് ആംഗ്യം കാണിക്കണം.

### യാത്രക്കാരന്റെ നമസ്കാരം

നാലു റക്അത്തുള്ള നമസ്കാരങ്ങൾ ക്വസ്വ്റാക്കൽ

*ക്വസ്വ്റാക്കുന്നതിന്റെ വിധി:*

യാത്രക്കാരനു നാലു റക്അത്തുകളുള്ള നമസ്കാരങ്ങൾ ക്വസ്വ്റാക്കി (രണ്ടാക്കി ചുരുക്കി) നമസ്കരിക്കുന്നത് നിയമമാണെന്നതിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമില്ല. വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും ഇജ്മാഇലും അതിനു തെളിവുണ്ട്. വിശുദ്ധക്വുർആനിൽ അല്ലാഹു പറഞ്ഞു:

"നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയാണെങ്കിൽ സത്യനിഷേധികൾ നിങ്ങൾക്ക് നാശം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിൽ നിങ്ങൾക്കു കുറ്റമില്ല" (ക്വുർആൻ 3:101).

പേടിയുടെ അവസ്ഥയിലും മറ്റും യാത്രയിൽ ക്വസ്വ്റാക്കൽ അനുവദനീയമാണ്. ജനങ്ങൾ നിർഭയത്വത്തിലായിരിക്കെ ക്വസ്വ്റാക്കി (ചുരുക്കി) നമസ്കരിക്കുന്നതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി(സ്വ) പറഞ്ഞു: "അത് അല്ലാഹു നിങ്ങൾക്കരുളിയ ദാനമാണ്. അല്ലാഹുവിന്റെ ദാനത്തെ നിങ്ങൾ സ്വീകരിച്ചുകൊള്ളുക."

തിരുനബി(സ്വ)യും അവിടുത്തെ സ്വഹാബത്തും ക്വസ്വ്റാക്കൽ പതിവാക്കിയിരുന്നു. ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം: "ഞാൻ അല്ലാഹുവിന്റെ റസൂലു

മായി യാത്രയിൽ സഹവസിച്ചിട്ടുണ്ട്. തിരുമേനിയെ മരണത്തിലൂടെ അല്ലാഹു പിടികൂടുന്നതുവരെ അവിടുന്ന് രണ്ടു റക്അത്തിനെക്കാൾ വർധിപ്പിച്ചിട്ടില്ല. ഞാൻ അബൂബക്റിനോട് അദ്ദേഹത്തിന്റെ യാത്രയിൽ സഹവസിച്ചിട്ടുണ്ട്. മരണത്തിലൂടെ അല്ലാഹു അദ്ദേഹത്തെ പിടികൂടുന്നതുവരെ അവിടുന്ന് രണ്ടു റക്അത്തിനെക്കാൾ വർധിപ്പിച്ചിട്ടില്ല...'' ശേഷം ഉമറി(റ)നെയും ഉസ്മാനെ(റ)യും (അവരും മരണംവരെ രണ്ടു റക്അത്തിനെക്കാൾ വർധിപ്പിച്ചിട്ടില്ലെന്ന്) ഇബ്നുഉമർ(റ) അനുസ്മരിച്ചു.

തിരുനബി(സ്വ) പറഞ്ഞതായി ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം: "നിശ്ചയം, അല്ലാഹു; അവന് എതിരു പ്രവർത്തിക്കുന്നത് വെറുക്കുന്നതുപോലെ അവനേകിയ ഇളവുകൾ നിർവഹിക്കുന്നത് ഇഷ്ടപ്പെടുന്നു.''

ഇസ്‌ലാം ദീനിൽ അനിവാര്യമായും അറിയപ്പെട്ട കാര്യമാണ് ക്വസ്റാക്കുക എന്നത്. മുസ്‌ലിം ഉമ്മത്ത് ഈ വിഷയത്തിൽ ഏകോപിച്ചിരിക്കുന്നു. അതിനാൽ ഈ സുന്നത്തു കാത്തുസൂക്ഷിക്കലും ഈ ഇളവ് സ്വീകരിക്കലുമാണ് അത് ഉപേക്ഷിക്കുന്നതിനെക്കാൾ ഏറ്റവും അർഹവും ഉത്തമവുമായത്. എന്നു മാത്രമല്ല, നബിയും സ്വഹാബത്തും ഈ സുന്നത്ത് നിത്യമായി ചെയ്യുന്നതിൽ കണിശത പുലർത്തിയതിനാലും ക്വസ്റാക്കൽ യാത്രയിൽ തിരുനബിയുടെ നിത്യചര്യയായതിനാലും ചില പണ്ഡിതന്മാർ യാത്രയിൽ പൂർത്തീകരിച്ചു നമസ്കരിക്കുന്നത് വെറുത്തിട്ടുണ്ട്.

### ക്വസ്ർ അനുവദനീയമാകുന്ന നമസ്കാരം

നാലു റക്അത്തുകളുള്ള നമസ്കാരങ്ങളാകുന്നു ക്വസ്ർ അനുവദനീയമാകുന്ന നമസ്കാരങ്ങൾ.

> ഒരാൾ (ഇത്ര ദിവസമെന്ന്) നിർണിതമല്ലാത്ത ഇക്വാമത്താണ് ഉദ്ദേശിക്കുന്നതെങ്കിൽ അവൻ ക്വസ്റാക്കരുത്. ക്വസ്റാക്കുന്നതിനെ അനുവദിക്കുന്ന കാരണം അവന്റെ വിഷയത്തിൽ ഇല്ലാതാവുന്നതിനാലാണത്. ഇതു പോലെയാണ് നാലു ദിവസത്തെക്കാൾ കൂടുതൽ താമസിക്കുവാൻ വിചാരിച്ചവനും; ഒരു ആവശ്യത്തിനു താമസിക്കുകയും നാലു ദിവസത്തിനു ശേഷമല്ലാതെ ആവശ്യം തീരുകയില്ലെന്നു ഉറപ്പിക്കുകയും ചെയ്തവൻ. കാരണം തിരുനബി മക്കയിൽ താമസിക്കുകയും അപ്പോൾ ഇരുപത്തിയൊന്ന് നമസ്കാരം ക്വസ്റാക്കിക്കൊണ്ട് നമസ്കരിക്കുകയും ചെയ്തു.

അവ ദ്വുഹ്ർ, അസ്ർ, ഇശാഅ് എന്നിവയാകുന്നു. സ്വുബ്ഹിയും മഗ്‌രിബും ക്വസ്ർ ആക്കപ്പെടുകയില്ലെന്നതിൽ ഇജ്മാഅ് (ഏകോപിച്ചുള്ള അഭിപ്രായം) ഉണ്ട്. തിരുനബി(സ്വ)യുടെയും ശേഷം സ്വഹാബത്തിന്റെയും പ്രവൃത്തിയും അതാണ് അറിയിക്കുന്നത്. ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: "അല്ലാഹു തിരുദൂതരുടെ നാവിലൂടെ നാട്ടിൽ താമസിക്കുമ്പോൾ നാലും യാത്രയിൽ രണ്ടും നിർബന്ധമാക്കിയിരിക്കുന്നു...'' നാലു റക്അത്തുള്ള നമസ്കാരമാണ് ഉദ്ദേശ്യം എന്ന് ഇത് അറിയിക്കുന്നു.

### യാത്രയുടെ ദൂരപരിധിയും ഇനവും

നമസ്കാരം ക്വസ്റാക്കപ്പെടുവാനുള്ള യാത്രയുടെ ദൂരപരിധി ഏകദേശം പതിനാറ് ഫർസഖാകുന്നു. അതാകട്ടെ നാലു ബുർദാകുന്നു. മൈലിന്റെ കണക്കിൽ നാൽപത്തിയെട്ടു മൈൽ. അത് എൺപതു കിലോമീറ്ററിനോടടുത്താകുന്നു. ഒരു രാവും പകലുമുള്ള യാത്രക്ക് സഫർ എന്നാണ് തിരുനബി(സ്വ) പേരു വെച്ചത്. ഇബ്നു അബ്ബാസും ഇബ്നുഉമറും നാലു ബുർദ് ദൈർഘ്യമുള്ള യാത്രയിൽ നമസ്കാരം ക്വസ്റാക്കുകയും നോമ്പെടുക്കാതിരിക്കുകയും ചെയ്യുമായിരുന്നു. പതിനാറ് ഫർസഖ് യാത്രാദൂരമാണ് അത്.

കച്ചവടത്തിനുള്ള യാത്ര, ഉല്ലാസയാത്ര പോലുള്ള അനുവദനീയ യാത്രയും ഹജ്ജിനും ജിഹാദിനുമുള്ള യാത്രപോലുള്ള നിർബന്ധ യാത്രയും സിയാറത്തിനുള്ള യാത്ര, രാണ്ടാമതു നിർവഹിക്കുന്ന ഹജ്ജിനുള്ള യാത്ര പോലുള്ള സുന്നത്തായ യാത്രയുമാണ് ക്വസ്റാക്കപ്പെടുന്ന യാത്രയുടെ ഇനങ്ങൾ. അതിനാൽ കൂടുതൽ പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം ഹറാമായ യാത്രയിൽ നമസ്കാരം ക്വസ്റാക്കപ്പെടൽ അനുവദനീയമല്ല.

### താമസം ഉദ്ദേശിച്ചവന് ക്വസ്റാക്കാമോ?

വല്ലവനും യാത്ര ചെയ്ത് ഇക്വാമത്ത് (താമസം)



ഉദ്ദേശിച്ചാൽ അവൻ ക്വസ്റാക്കുന്ന വിഷയത്തിൽ വിശദീകരണം ആവശ്യമാണ്. അതിപ്രകാരമാണ്: ഒരാൾ (ഇത്ര ദിവസമെന്ന്) നിർണിതമല്ലാത്ത ഇക്വാമത്താണ് ഉദ്ദേശിക്കുന്നതെങ്കിൽ അവൻ ക്വസ്റാക്കരുത്. ക്വസ്റാക്കുന്നതിനെ അനുവദിക്കുന്ന കാരണം അവന്റെ വിഷയത്തിൽ ഇല്ലാതാവുന്നതിനാലാണത്. ഇതു പോലെയാണ് നാലു ദിവസത്തെക്കാൾ കൂടുതൽ താമസിക്കുവാൻ വിചാരിച്ചവനും; ഒരു ആവശ്യത്തിനു താമസിക്കുകയും നാലു ദിവസത്തിനു ശേഷമല്ലാതെ ആവശ്യം തീരുകയില്ലെന്നു ഉറപ്പിക്കുകയും ചെയ്തവൻ. കാരണം തിരുനബി മക്കയിൽ താമസിക്കുകയും അപ്പോൾ ഇരുപത്തിയൊന്ന് നമസ്കാരം ക്വസ്റാക്കിക്കൊണ്ട് നമസ്കരിക്കുകയും ചെയ്തു. ദുൽഹജ്ജ് നാലിന്റെ പ്രഭാതത്തിൽ തിരുമേനി വരികയും യൗമുത്തർവിയ്യ (ദുൽഹജ്ജ് എട്ട്) വരെ താമസിക്കുകയും ചെയ്തു. അവിടെ സ്വുബ്ഹി നമസ്കരിച്ച ശേഷം തിരുമേനി പുറപ്പെട്ടു. അതിനാൽ വല്ലവനും തിരുനബി താമസിച്ചതുപോലെ നാലു ദിവസമോ അല്ലെങ്കിൽ അതിനെക്കാൾ കുറവോ നാളുകൾ താമസിച്ചാൽ അവൻ ക്വസ്റാക്കട്ടെ. അതിനെക്കാൾ കൂടുതൽ താമസിച്ചാൽ അവൻ ക്വസ്റാക്കാതെ പൂർത്തീകരിച്ചു നമസ്കരിക്കട്ടെ. ഇമാം അഹ്മദ് ഇതു രേഖപ്പെടുത്തി. അനസ്(റ) പറഞ്ഞു:

“ഞങ്ങൾ മക്കയിൽ പത്തു നാൾ ക്വസ്റാക്കിക്കൊണ്ട് താമസിച്ചു.” ഇതിന്റെ അർഥം നാം ഉണർത്തിയതാണ്. കാരണം ആ താമസം ദുൽഹജ്ജു പത്തിൽ മിനയിലേക്കും അറഫയിലേക്കും ശേഷമുള്ള സ്ഥലങ്ങളിലേക്കുമുള്ള പുറപ്പാടിനനുസരിച്ചാണ്. താമസിക്കുമെന്ന് നിയ്യത്തില്ലാതെ നാലു ദിവസത്തിൽ കൂടുതൽ വല്ല ആവശ്യത്തിനും തങ്ങുകയും ആവശ്യം എപ്പോൾ തീരുമെന്ന് അറിയാതിരിക്കുകയുമായാൽ അവന്ന് ക്വസ്റാക്കാം. ഒരാൾ അന്യായമായി ബന്ധിക്കപ്പെട്ടു, അല്ലെങ്കിൽ മഴയാൽ തടയപ്പെട്ടു; എങ്കിലും ക്വസ്റാക്കാം; അവൻ വർഷങ്ങൾ തങ്ങിയാലും ശരി. ഇബ്നുൽ മുൻദിർ പറഞ്ഞു: ‘താമസം തീരുമാനിക്കാത്ത കാലമത്രയും യാത്രക്കാരന് ക്വസ്റാക്കി നമസ്കരിക്കാം എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്.’

### യാത്രക്കാരൻ പൂർത്തീകരിച്ചു നമസ്കരിക്കൽ നിർബന്ധമാകുന്ന അവസ്ഥകൾ

യാത്രയിൽ ക്വസ്റാക്കൽ അനുവദനീയമെന്നതിൽനിന്ന് ഒഴിവാക്കപ്പെടുന്ന ചില അവസ്ഥകളുണ്ട് (പൂർത്തീകരിച്ചു നമസ്കരിക്കേണ്ട അവസ്ഥകൾ). അവ താഴെ വിവരിക്കുന്നു:

1. യാത്രക്കാരൻ നാട്ടിൽ താമസിക്കുന്നവനെ തുടർന്നു നമസ്കരിച്ചാൽ പൂർത്തീകരിച്ചു നമസ്കരിക്കൽ അവന് നിർബന്ധമാണ്. കാരണം, തിരുനബി(സ്വ) പറ

നാലു റക്അത്തുകളുള്ള നമസ്കാരങ്ങളാകുന്നു ക്വസ്വ്ർ അനുവദനീയമാകുന്ന നമസ്കാരങ്ങൾ. അവ ള്വുഹ്ർ, അസ്വ്ർ, ഇശാഅ് എന്നിവയാകുന്നു. സ്വുബ്ഹിയും മഗ്രിബും ക്വസ്വ്ർ ആക്കപ്പെടുകയില്ലെന്നതിൽ ഇജ്മാഅ് (ഏകോപിച്ചുള്ള അഭിപ്രായം) ഉണ്ട്. തിരുനബി(സ്വ)യുടെയും ശേഷം സ്വഹാബത്തിന്റെയും പ്രവൃത്തിയും അതാണ് അറിയിക്കുന്നത്.

യാത്രക്കാരനാണോ അതല്ല നാട്ടിൽ താമസിക്കുന്നവനാണോ എന്ന് സംശയിക്കപ്പെടുന്നവനെ തുടർന്നു നമസ്കരിച്ചാൽ: വിമാനത്താവളം പോലുള്ള സ്ഥലങ്ങളിൽ ഒരു ഇമാമിനു പിന്നിൽ നമസ്കാരത്തിൽ പ്രവേശിക്കുകയും പ്രസ്തുത ഇമാം യാത്രക്കാരനാണോ അതല്ല നാട്ടിൽ താമസിക്കുന്നവനാണോ എന്ന് അറിയാതിരിക്കുകയും ചെയ്താൽ പൂർത്തീകരിച്ചു നമസ്കരിക്കൽ അവന് നിർബന്ധമാണ്. കാരണം ക്വസ്വ്റാക്കുവാൻ നിയ്യത്ത് അനിവാര്യമാണ്. എന്നാൽ നിയ്യത്തിൽ ആശയക്കുഴപ്പമാണെങ്കിൽ അവൻ പൂർത്തീകരിച്ചു നമസ്കരിക്കണം.

ഞ്ഞു: "ഇമാമിനെ പിന്തുടരുന്നതിനു വേണ്ടിയാണ് ഇമാം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്." നാട്ടിൽ താമസിക്കുന്നവന്റെ പിന്നിൽ പൂർത്തിയാക്കി നമസ്കരിക്കുന്നതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: "അത് അബുൽക്വാസിമിന്റെ (നബിയുടെ) സുന്നത്താകുന്നു."

2. യാത്രക്കാരനാണോ അതല്ല നാട്ടിൽ താമസിക്കുന്നവനാണോ എന്ന് സംശയിക്കപ്പെടുന്നവനെ തുടർന്നു നമസ്കരിച്ചാൽ: വിമാനത്താവളം പോലുള്ള സ്ഥലങ്ങളിൽ ഒരു ഇമാമിനു പിന്നിൽ നമസ്കാരത്തിൽ പ്രവേശിക്കുകയും പ്രസ്തുത ഇമാം യാത്രക്കാരനാണോ അതല്ല നാട്ടിൽ താമസിക്കുന്നവനാണോ എന്ന് അറിയാതിരിക്കുകയും ചെയ്താൽ പൂർത്തീകരിച്ചു നമസ്കരിക്കൽ അവന് നിർബന്ധമാണ്. കാരണം ക്വസ്വ്റാക്കുവാൻ നിയ്യത്ത് അനിവാര്യമാണ്. എന്നാൽ നിയ്യത്തിൽ ആശയക്കുഴപ്പമാണെങ്കിൽ അവൻ പൂർത്തീകരിച്ചു നമസ്കരിക്കണം.

3. നാട്ടിൽ താമസിക്കുമ്പോൾ ഉണ്ടായിരുന്ന നമസ്കാരം യാത്രയിൽ ഓർത്താൽ: നാട്ടിലായിരിക്കുമ്പോൾ വുദൂഅ് ഇല്ലാതെയാണ് ദ്വുഹ്ർ നമസ്കരിച്ചതെന്ന് യാത്രയിൽ ഓർമിച്ച, അല്ലെങ്കിൽ നാട്ടിലായിരിക്കുമ്പോൾ നഷ്ടപ്പെട്ട നമസ്കാരത്തെ യാത്രയിൽ ഓർമിച്ച യാത്രക്കാരനെപ്പോലെ. ഇവിടെ പൂർത്തീകരിച്ചു നമസ്കരിക്കൽ അവന്നു നിർബന്ധമാണ്. തിരുനബി(സ്വ) പറഞ്ഞു: "വല്ലവനും നമസ്കാരത്തെ തൊട്ട് ഉറങ്ങുകയോ അല്ലെങ്കിൽ മറന്നുപോവുകയോ ചെയ്താൽ ഓർമവന്നാൽ അവനതു നമസ്കരിക്കട്ടെ." അഥവാ അത് അതുപോലെ അവൻ നമസ്കരിക്കട്ടെ. കാരണം ഈ നമസ്കാരം അവനു പൂർണമായ നിലയ്ക്കാണ് നിർബന്ധമായത്. അതിനാൽ അതു പൂർണമായ നിലയ്ക്ക് ക്വദാഅ് വീട്ടലും നിർബന്ധമാണ്.

4. പൂർത്തിയാക്കി നിർവഹിക്കൽ നിർബന്ധമായ ഒരു നമസ്കാരത്തിൽ യാത്രക്കാരൻ പ്രവേശിക്കുകയും പ്രസ്തുത നമസ്കാരം ബാത്വിലായി ആ നമസ്കാരം മടക്കി നിർവഹിക്കുകയും ചെയ്യുമ്പോൾ: നാട്ടിൽ താമസിക്കുന്നവനു പിന്നിൽ ഒരു യാത്രക്കാരൻ നമസ്കരിക്കുന്നതുപോലെ; ഈ അവസ്ഥയിൽ പൂർത്തീകരിച്ചു നമസ്കരിക്കൽ യാത്രക്കാരനു നിർബന്ധമാണല്ലോ. ഈ നമസ്കാരം യാത്രക്കാരനു ബാത്വിലാവു കയും അവനതു മടക്കി നമസ്കരിക്കുകയും ചെയ്യുമ്പോൾ പൂർണമായി മടക്കിനിർവഹിക്കൽ നിർബന്ധ മാണ്. കാരണം അതു പൂർണമായിക്കൊണ്ട് നിർവഹിക്കൽ നിർബന്ധമായ നമസ്കാരത്തെ മടക്കി നിർവഹിക്കലാകുന്നു.

5. താൻ യാത്ര ചെയ്തെത്തിയ നാട്ടിൽ, യാത്ര ഒരു നിർണിത കാലത്തേക്കെന്നോ നിർണിത ജോലിക്കെന്നോ ഉപാധിവെക്കാതെ നിരുപാധികം താമസിക്കുവാൻ യാത്രക്കാരൻ ഉദ്ദേശിച്ചാൽ: ഇപ്രകാരമാണ് യാത്ര ചെയ്തെത്തിയ നാടിനെ സ്വദേശമായി സ്വീകരിക്കുവാനുദ്ദേശിച്ചാൽ; നമസ്കാരം പൂർണമായി നിർവഹിക്കൽ അവനു നിർബന്ധമാണ്. കാരണം യാത്രയുടെ വിധി അവന്റെ വിഷയത്തിൽ നിലച്ചുപോയി. എന്നാൽ യാത്ര അവസാനിക്കുന്ന ഒരു നിർണിത കാലംകൊണ്ടോ, അല്ലെങ്കിൽ ചെയ്തുതീരുന്ന ജോലികൊണ്ടോ യാത്രക്ക് ഉപാധി വെച്ചാൽ അവൻ യാത്രക്കാരനാണ്. അവനു നമസ്കാരം ക്വസ്വ്റാക്കാം.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)* ■

മജീദ് ബസ്താക്ക്, കണ്ണൂർ
: 9633173172

ആരാണ് മിസ്കീൻ എന്ന ചോദ്യത്തിന് മറുപടിയായി നബി(സ്വ) പറഞ്ഞു: 'ഉപജീവനത്തിന് പണമില്ല, എന്നാൽ മറ്റുള്ളവരിലേക്ക് അവന്റെ കൈ നീട്ടുകയില്ല (ആരോടും സഹായം ചോദിക്കുകയില്ല), അങ്ങനെയുള്ളവനാണ് മിസ്കീൻ.'




# ഇവരെ നാം പരിഗണിക്കാറുണ്ടോ?

യാത്രയ്ക്കിടയിൽ 'ഹോട്ടൽ' എന്ന ബോർഡ് ഉയർത്തിപ്പിടിച്ച് ആളുകളെ ഹോട്ടലിലേക്ക് ക്ഷണിക്കുന്ന ജോലിക്കാരെ നാം കാണാറുണ്ട്. മഴയായാലും കൊടും വെയിലായാലും അതെല്ലാം സഹിച്ചുകൊണ്ട് അവർ തങ്ങളുടെ ജോലി ചെയ്യും. അവരിൽ പലരും കഠിനമായ ജോലി ചെയ്യാനുള്ള ആരോഗ്യമില്ലാ ത്തവരോ വൃദ്ധരോ ആയിരിക്കും. അല്ലെങ്കിൽ ശാരീരികമായ വല്ല വൈകല്യവുമുള്ളവരായിരിക്കും.

സമ്പന്നരോ വേറെ ഉദ്യോഗമുള്ളവരോ ആ പണി ചെയ്യില്ലല്ലോ. സ്വന്തം കുടുംബത്തെ പോറ്റാൻ അവർ കണ്ടെത്തിയ ജോലിയാണത്. മാതാപിതാക്കൾ, ഭാര്യ, കുട്ടികൾ അങ്ങനെയങ്ങനെ തന്റെ കീഴിൽ കഴിയുന്നവരുടെ എല്ലാ ചെലവും വഹിക്കാനുള്ള ജോലി. അതിനു കിട്ടുന്ന വരുമാനം എത്രയോ നിസ്സാരമായിരിക്കാനാണ് സാധ്യത. അവരിലേക്ക് കാരുണ്യത്തിന്റെ ഒരു നോട്ടം നമ്മിൽനിന്ന് ഉണ്ടാകാറുണ്ടോ? അനാവശ്യമായി നാം എത്ര പണം വെറുതെ കളയുന്നു.

ഹോട്ടലിലെ സപ്ലയർക്ക് നാം പത്തോ ഇരുപതോ രൂപ ടിപ്സ് കൊടുക്കാറുണ്ട്. അതിലധികം കൊടുക്കുന്നവരുമുണ്ടാകും. ചിലപ്പോൾ ബാക്കി കിട്ടാനുള്ള തുകക്ക് മിഠായിയോ മറ്റോ വാങ്ങിത്തീർക്കും. എസി മുറിയിൽ ഭക്ഷണം മുമ്പിൽ കൊണ്ടുവന്നു വയ്ക്കുന്നവർക്ക് ടിപ് കൊടുക്കുന്നതുപോലെ ചെറിയൊരു ചെറിയ സംഖ്യ പുറത്ത് വെയിലും മഴയും കൊള്ളുന്ന ആ സാധുക്കൾക്ക് കൊടുത്തുകൂടേ? നാം നൽകുന്ന ചെറിയ സംഖ്യ അവരെ എത്രമാത്രം സന്തോഷിപ്പിക്കുമെന്ന് അറിയണമെങ്കിൽ അത് വാങ്ങുമ്പോൾ അവരുടെ കണ്ണുകൾക്കുണ്ടാകുന്ന തിളക്കവും മുഖത്തുണ്ടാകുന്ന പ്രസന്നതയും കാണണം. അയാൾ ചിലപ്പോൾ മിസ്കീനായിരിക്കും.

ആരാണ് മിസ്കീൻ എന്ന ചോദ്യത്തിന് മറുപടിയായി നബി(സ്വ) പറഞ്ഞു: 'ഉപജീവനത്തിന് പണമില്ല, എന്നാൽ മറ്റുള്ളവരിലേക്ക് അവന്റെ കൈ നീട്ടുകയില്ല (ആരോടും സഹായം ചോദിക്കുകയില്ല), അങ്ങനെയുള്ളവനാണ് മിസ്കീൻ.'

ഖുർആൻ പറയുന്നു: "മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ" (ഖുർആൻ 107:1-3).

ആരോഗ്യമുള്ള സമയത്ത് ദാനം നൽകലാണ് ഉത്തമം. ഏതു ദാനമാണ് ഏറ്റവും നല്ലതെന്ന് ചോദിച്ചപ്പോൾ നബി(സ്വ) പറഞ്ഞു:

"നീ ആരോഗ്യവാനായിരിക്കെ, സമ്പത്തിന് അത്യാവശ്യക്കാരനായിരിക്കെ, സമ്പന്നത പ്രതീക്ഷിച്ച്, ദാരിദ്ര്യം ഭയക്കുന്ന വേളയിലുള്ള ദാനമാണ് നല്ലത്. മരണം തൊണ്ടക്കുഴിയിലെത്തുന്നതുവരെ നീ നീട്ടിക്കൊണ്ടുപോകരുത്. ആ സമയം നീ പറയും: 'ഇന്നയാൾക്ക് ഇന്ന സ്വത്ത് നൽകണം, ഇന്ന വ്യക്തിക്ക് ഇന്ന സ്വത്ത് നൽകുക" (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ).

ഫിദ ഫാത്തിമ കെ.കെ,
എസ്.പി.നഗർ , കാസറഗോഡ്

# എന്റെ മതം

ഇസ്‌ലാം എന്നൊരു മധുര മനോഹര
മതമീ ഭൂമിയിലുണ്ടല്ലോ.
പ്രപഞ്ചനാഥൻ അല്ലാഹു
സമ്മാനിച്ചൊരു മതമല്ലോ.
മാനവരാശിക്കേകിയ മതമിൽ
ന്യൂനതയൊന്നും ഇല്ലല്ലോ.
മുഹമ്മദ് നബിയാണിസ്‌ലാമിന്റെ
അന്തിമദൂതൻ എന്നറിയൂ.
അന്തിമ വേദം ഖുർആനാണ്
അതുപോലൊന്നും ഇല്ലല്ലോ.
ഖുർആനിൻ പ്രഭ മർത്യമനസ്സിൻ
ഇരുളുകളൊക്കെയും നീക്കുന്നു.
ഇരുലോകത്തും വിജയം നേടാൻ
ഖുർആൻ വഴികാട്ടുന്നല്ലോ.
നന്മകൾ ചെയ്തും തിന്മ വെടിഞ്ഞും
നമുക്കു സ്വർഗം നേടാലോ.
സ്രഷ്ടാവായൊരു റബ്ബിനെ മാത്രം
ആരാധിക്കാനാണല്ലോ
അവന്റെ കൽപന, അതു നമ്മൾ
പാലിക്കേണം എന്നെന്നും.





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

43rd SHARJAH INTERNATIONAL BOOK FAIR

**ZC : 09 (HALL NO. 7)**

WISDOM BOOKS

## ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിൽ കനപ്പെട്ട കൃതികൾ വിസ്ഡം ബുക്സിൽ നിന്നും....




പ്രകാശം പരത്തിയ പ്രവാചകൻമാർ
ഈസാ നബി
ഹുസൈൻ സലഫി




ഖുർആൻ പാരായണ വിധികൾ
മുഹമ്മദ് അസ്‌ലം ബിൻ യൂസുഫ്




മരണാനന്തര ജീവിതം സത്യമോ മിഥ്യയോ ?
മുബാറക്ക് ബിൻ ഉമർ




സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി




മനുഷ്യൻ എന്ന അത്ഭുതം
ഡോ. എം. ഉസ്മാൻ




മനുഷ്യന്റെ യഥാർത്ഥ ശത്രു
ഡോ. എം. ഉസ്മാൻ




അല്ലാഹു എത്ര പരിശുദ്ധൻ
ഡോ. എം. ഉസ്മാൻ


വിസ്ഡം ബുക്സ്: വായനയുടെ വസന്തം; നൈതികതയുടെ വീണ്ടെടുപ്പ്

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram, Kozhikode 673 002.
Mob: +91 7356766478 www.wisdombooksonline.com





www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
02 November 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

43rd SHARJAH INTERNATIONAL BOOK FAIR

WISDOM BOOKS

# ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ
# പുറത്തിറങ്ങുന്നു







**വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സമ്മാനിച്ച
വിസ്ഡം ബുക്സിൽ നിന്നും
ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി
മികച്ച രണ്ട് കൃതികൾ നിങ്ങളിലേക്കെത്തുന്നു...**




SHARJAH INTERNATIONAL BOOK FAIR
**ZC : 09 (HALL NO. 7)**

www.wisdombooksonline.com

വിസ്ഡം ബുക്സ്: വായനയുടെ വസന്തം; നൈതികതയുടെ വീണ്ടെടുപ്പ്

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram, Kozhikode 673 002. Mob: +91 7356766478 www.wisdombooksonline.com